# ശാംഭവി

ത്രൈമാസിക

**Book 9 | July - September 2020 | Edition 3**



# പത്രാധിപക്കുറിപ്പ്

നമ്മുടേത് ഒരു ജനാധിപത്യ രാജ്യമാണല്ലോ. അതുകൊണ്ടുതന്നെ വിദ്യ അഭ്യസിപ്പിച്ചും ഉണ്ണാനുള്ള വകയുണ്ടാക്കുവാൻ അവസരം പ്രദാനം ചെയ്തും ഇവിടെ നമ്മുടെ അസ്തിത്വത്തിന് ഉറപ്പ് വരുത്തുവാൻ നമ്മളെ ശത്രുക്കളിൽനിന്നെല്ലാം രക്ഷിച്ചും എല്ലാ അർത്ഥത്തിലും പാലനം നടത്തുന്ന ഭരണാധികാരിയായിത്തീരാൻ അർഹരായവരെ തിരഞ്ഞെടുക്കേണ്ടത് നാം തന്നെയാണ്. അവർ ആരെന്ന് തീരുമാനിക്കുന്നതിനു മുമ്പ് വിദുരനീതിയിലെ താഴെപ്പറയുന്ന ശ്ലോകങ്ങൾ മനസ്സിലാക്കേണ്ടതാണ്. ക്രമത്തിൽ ഒന്നാമത്തേത് ഏത് രാജാവിനെ ജനങ്ങൾ സ്വീകരിക്കുന്നുവെന്നും രണ്ടാമത്തേത് ഏത് രാജാവിനെ ജനങ്ങൾ തിരസ്ക്കരിക്കുന്നുവെന്നും പറയുന്നു.

***ചക്ഷുഷാ മനസാ വാചാ കർമ്മണാ ച ചതുർവിധം
പ്രസാദയതി യോ ലോകം തം ലോകോനുപ്രസീദതി.***

(മഹാഭാരതം ഉദ്യോഗപർവ്വം 34-25)

കണ്ണ്, മനസ്സ്, വാക്ക്, പ്രവൃത്തി എന്നിവയിലൂടെ ജനങ്ങളെ സന്തുഷ്ടനാക്കുന്ന രാജാവിൽ ആ ജനങ്ങൾ സന്തുഷ്ടരാകുന്നു. അവർ ആ ഭരണാധികാരിയെ സ്വീകരിക്കുന്നു എന്നർത്ഥം.

***യസ്മാത് ത്രസ്യതി ഭൂതാനി മൃഗവ്യാധാൻ മൃഗാ ഇവ
സാഗരാന്താമപി മഹീം ലബ്ധ്വാ സ പരിഹീയതേ.***

(മഹാഭാരതം ഉദ്യോഗപർവ്വം 34-26)

പരാക്രമിയായിരുന്നാലും സമുദ്രത്തിനടിയിലെ ഭൂമി കരസ്ഥമാക്കിയവനായാലും വേടനെ മാൻപേടയെന്നപോലെ സദാ ഭയപ്പെടുന്നുവെങ്കിൽ ആ ഭരണാധികാരിയെ പ്രജകൾ തിരസ്ക്കരിക്കുന്നു.

പുസ്തകം 9 ലക്കം 3
ജൂലായ് – സെപ്തംബർ 2020

വരിസംഖ്യ സൌജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ – 680 712

shripuramtrust@yahoo.co.in.
www.shripuram.org

# വിഷയവിവരം

1. വിഘ്നേശ്വരമാനസികം

2

2. സംസ്കൃതപഠനം (42)

6

3. കുട്ടികളുടെ വാല്മീകിരാമായണം (23)

10

4. ഔഷധസസ്യങ്ങൾ (29)
നറുനീണ്ടി

11

5. ഭഗവദ്ഗീതാ – ഒരു പുനർവായന (22)

12

6. ലളിതാസഹസ്രനാമം (32)

15

7. സ്തുതികുസുമാഞ്ജലി (2)

18

8. പരമാർത്ഥസാരം (10)

26

9. കാശ്മീരശൈവസമ്പ്രദായം (9)

28

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ് കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണി കൊണ്ടമറുക്

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ

മുദ്രണം
മമ ഓഫ് സെറ്റ് പ്രിന്റ്
നട, **ഇരിങ്ങാലക്കുട**

# വിഘ്നേശ്വരമാനസികം

സമ്പാദക : അപർണ്ണാദേവി എ.

*വിഘ്നേശ്വരസ്യ വിഷയേ ഹൃദി മാനസാഖ്യാം*
*പൂജാം വിധാതുമുചിതം സരസം പ്രബന്ധം*
*വിദ്വജ്ജനേ ധുരി ചിദംബര ഏഷ നാമ്നഃ*
*ശ്ലോകൈർവസന്തതിലകൈർവിതനോതി ശീഘ്രം*

**സാരം** : വിഘ്നേശ്വരന്റെ മാനസപൂജ സരസമായ പ്രബന്ധമായി വസന്തതിലകവൃത്തത്തിൽ ശ്ലോകരൂപത്തിൽ മനസ്സിൽ കുറിയ്ക്കുന്നു.

*കാന്താകൃതിം ഗമിതയാ കമനീയകാന്ത്യാ*
*സത്യാ സദാപി നിജയാ നവരത്നപീഠേ*
*കാന്തം വസന്തമമരേന്ദ്രമുഖാഗ്രവന്ദ്യം*
*ദന്താവലേനവദനം ഹൃദി ഭാവയാമി*

**സാരം** : നവരത്നപീഠത്തിൽ സ്വന്തം രമണീയകന്തിയോടെ മനോഹരാകൃതിയെ പ്രാപിച്ചതായ സതിയോടൊപ്പമുള്ള മനോഹരനും ദേവേന്ദ്രപ്രമുഖരിൽ ആദ്യം വന്ദ്യനുമായ ഗജാനനനെ മനസ്സിൽ ധ്യാനിക്കുന്നു.

*ആഗച്ഛ ദന്തവദനാദ്യ ജയാസമേതഃ*
*സത്യാഖ്യയാ ദയിതയാ സഹ പൂജനായ*
*അല്പാം കൃതാമപി മയാ ത്വയി ദേവ പൂജാം*
*സ്വീകൃത്യ ഭക്തവശഗേശ മയി പ്രസീദ*

**സാരം** : അല്ലയോ ദന്തവദന ഇന്ന് സതി എന്നു പേരുള്ള ഭാര്യയോടുകൂടെ പൂജയ്ക്കായ് വന്നാലും. അങ്ങയിൽ ഞാൻ ചെയ്യുതായ പൂജയെ സ്വീകരിച്ചിട്ട് അല്ലയോ ദേവ ഭക്തന് വശഗനായവനെ എന്നിൽ പ്രസാദിച്ചാലും.

*രത്നൈഃ കൃതം നവഭിരത്ര തു ചിത്രചിത്രം*
*പാരീന്ദ്രവേഷമമരേന്ദ്രകരോപനീതം*
*ആസ്ഥായ ആസനമിദം ധൃതവല്ലഭസ്ത്വം*
*സാമ്രാജ്യമാകലയ മേ ഗജവക്ത്ര ചിത്തേ*

**സാരം** : ദേവേന്ദ്രകൈകളാൽ കൊണ്ടുവരപ്പെട്ടതും നവരത്നങ്ങൾ പതിച്ചതും വിസ്മയപ്പെടുത്തുന്നതുമായ ഈ ഇരിപ്പിടത്തിൽ ഇരുന്നിട്ട് ഭാര്യാസമേതനായ അങ്ങ് ഹേ ഗജവദന, എന്റെ മനസ്സിൽ ആഗ്രഹത്തെ സാധിച്ചു തന്നാലും .

***വേദാന്തകാനനചരം വിവിധാഹവാദി***
***വേശന്തക്ലൃപ്തവിഹൃതിം വിബുധേന്ദ്രഭാവ്യം***
***വിഘ്നേശ്വരം വിധൃതവല്ലഭമങ്കദേശേ***
***ആവാഹയാമി ഹൃദയേ സദയാന്തരങ്ഗം***

സാരം : ദേവന്മരാൽ ധ്യാനിയ്ക്കപ്പെടുന്നവനും വേദാന്തശാസ്ത്രനിഷ്ണാതനും മടിയിൽ ഭാര്യയെ വഹിയ്ക്കുന്നവനുമായ വിഘ്നേശ്വരനെ ഹൃദയാന്തരംഗത്തിലേയ്ക്ക് ആവാഹിയ്ക്കുന്നു.

***ഗങ്ഗായമസ്വസൃജലൈർഹരിരത്നമുക്താ***
***പാത്രാർപിതൈ സുരഭിഭിഃ സുഖശീതളൈശ്ച***
***മൃദ്വങ്ഗുലീദളയുതേ പദപദ്മയുഗ്മേ***
***പാദ്യക്രമം കലയ പദ്മമുഖ പ്രഭോ ത്വം***

സാരം : സ്വർണ്ണം, രത്നം, മുത്ത് എന്നിവകൊണ്ട് നിർമ്മിച്ച പാത്രത്തിലെടുത്ത വാസനയുള്ളതും സുഖമുള്ളതും തണുപ്പുള്ളതുമായ ഗംഗാജലംകൊണ്ട് ഹേ പദ്മമുഖ പ്രഭോ മൃദുവായ വിരലാകുന്ന ദളത്തോട് കൂടിയ പാദ്യം സങ്കല്പിക്കുന്നു.

***സഹ്യാദ്രിജാഹൃതമസഹ്യമഹാഘഹാരി***
***ദൂർവാഗ്രദർഭസുമഗർഭമദക്ഷതാഢ്യം***
***ഭർമാഗ്രപാത്രപരിപൂർണമിദം മഹാർഘ***
***മർഘ്യം ഗൃഹാണ മദനർഘവപുർഗജാസ്യ***

**സാരം** : അസഹ്യമായ പാപത്തെ ഇല്ലാതാക്കുന്നതും കറുക ദർഭ പൂക്കൾ അക്ഷതം എന്നിവ കൊണ്ടെല്ലാം അലങ്കരിയ്ക്കപ്പെട്ടതും സ്വർണ്ണപാത്രത്തിൽ നിറഞ്ഞിരിക്കുന്നതും അമൂല്യമായതും ആയ അർഘ്യത്തെ അല്ലയോ കാമദേവസദൃശശരീരത്തോടു കൂടിയ ഗജാനന സ്വീകരിച്ചാലും.

***മല്ലീപ്രസൂനനവചമ്പകകുഡ്മലൗഘ***
***സൗരഭ്യനിർഭരമുപാസകചിത്തശുഭ്രം***
***വ്യോമാപഗാസലിലമദ്യ മയാ പ്രദത്ത***
***മാചമ്യതാം ഗജമുഖ പ്രണതാർത്തഹാരിൻ***

**സാരം :** മുല്ല, പുതുചമ്പകം എന്നീ പൂക്കളുടെ വാസനനിറഞ്ഞതും ഉപാസകചിത്തസദൃശം നിർമ്മലമായതുമായ ഗംഗജലം ഇന്നിതാ ഞാൻ നൽകി . അല്ലയോ നമിക്കുന്നവരുടെ ദുഃഖത്തെ ഇല്ലാതാക്കുന്ന ഗജാനന ആചമിച്ചാലും.

***മോചാഫലേന നവശർകരയാ ഘൃതേന***
***ഗവ്യേന സാധു മധുനാ ത്വധുനാ പ്രണീതം***
***പഞ്ചാമൃതം ഗജമുഖാനതപ!ഞ്ചതാരേ***
***പഞ്ചാനനാത്മജ വിധേഹി നിമജ്ജനായ***

**സാരം :** വാഴപ്പഴം, ശർക്കര, നെയ്യ്, തൈര്, തേൻ എന്നിവ ചേർത്ത് ഉണ്ടാക്കിയ പഞ്ചാമൃതം അല്ലയോ ശിവപുത്ര നിമജ്ജനത്തിനായി ഉപയോഗിച്ചാലും.

***സന്മാനസാദിശുചിഭിർധുരി മാനസാഖ്യം***
***സത്തീർഥകോടിജഠരാഹൃതതീർഥസാർധൈഃ***
***സംസ്നപയാമി തവ മംഗളദിവ്യദേഹ***
***മുദ്വർതനേന സഹ വാരണരാജവക്ത്ര***

**സാരം :** മനോശുദ്ധിയോടെയും കോടികണക്കിന് തീർത്ഥജലമടങ്ങിയതും വാസനാപൂർണ്ണവുമായ ജലംകൊണ്ട് ഞാൻ അല്ലയോ ഗജാനന അങ്ങയുടെ ദിവ്യശരീരത്തെ കുളിപ്പിയ്ക്കാം.

***ചീനാംബരേണ കനകാഞ്ചലമഞ്ജുലേന***
***ദിവ്യം ത്വദങ്ഗമഖിലം ജലമജ്ജനാർദ്രം***
***ദ്രാങ് മാർജയാമി നിഖിലാഘനിമാർജനായ***
***കിഞ്ചിദ് ഗജാസ്യ ധുരി തിഷ്ഠ മമ പ്രഭോ ത്വം***

**സാരം :** സ്വർണ്ണകരയുള്ളതും മനോഹരമായതുമായ പട്ടുവസ്ത്രംകൊണ്ട് ജലമജ്ജനത്താൽ ആർദ്രമായ അങ്ങയുടെ മുഴുവൻ ശരീരവും എന്റെ സകലപാപനിവാരണത്തിനായികൊണ്ട് ഉടൻ തുടയ്ക്കാം. പ്രഭോ അല്ലയോ ഗജാനന അങ്ങ് എന്റെ മുമ്പിൽ നിന്നാലും.

***കാർപാസസൂത്രഗുണിതം വിശദം പ്രക്ലൃപ്തം***
***യജ്ഞോപവീതയുഗളം നിഗളം ദ്വിജത്വേ***
***ഹൈമൈരഥാസമഗുണൈഃ സഹ യജ്ഞസൂത്രൈ***
***രാമം ച മുഞ്ജമയി കാർഷ്ണ്യഹതം ധൃതം ച***

**സാരം :** നൂൽ നിർമ്മിതവും മുഞ്ജപ്പുല്ലോടു കൂടിയതും സ്വർണ്ണയജ്ഞസൂ

ത്രത്തോട്ടു കൂടിയതുമായ പൂണൂൽ ബ്രഹ്മണത്വം കാരണമായി അങ്ങയുടെ കഴുത്തിൽ അണിയിക്കുന്നു.

*ജാംബൂനദൈർവിരചിതേ നവഭാജനേഗ്രേ*
*ദധ്നാ സഹൈവ മധുനാ മിലിതം പ്രക്ലപ്തം*
*തദ്വച്ഛരാവപിഹിതം മധുപർകമേതം*
*ഹസ്തേ തവാദ്യ വിതരാമി ച ദന്തിവക്ത്ര*

**സാരം** : സ്വർണ്ണത്തിന്റെ പുതിയ പാത്രത്തിൽ തൈരിനോട് തേൻ ചേർത്ത് ഉണ്ടാക്കിയതും ശരാവപാത്രംകൊണ്ടു അടച്ച് വച്ചതുമായ ഈ മധുപ ർക്കത്തെ അല്ലയോ ഗജാനന ഇന്ന് അങ്ങയുടെ കയ്യിൽ നൽകാം.

*കസ്തൂരികാമൃഗമദൈഃ പരിമൃദ്യ ക്ലപ്തം*
*ത്വത്കീർതിസാരമിവ ശോഭനഗന്ധപൂരം*
*ഹസ്തീന്ദ്രവക്ത്ര സുഗുണോർമിലമങ്ഗമങ്ഗം*
*ശ്രീഗന്ധപങ്കമനുലിമ്പ നിലിമ്പനായ*

**സാരം** : അങ്ങയുടെ കീർത്തിപോലെയുള്ളതും അതിഗംഭീരമായ ഗന്ധ ത്തോട്ടു കൂടിയതും കസ്തൂരിമാനിന്റെ മദം ചേർത്ത് ഉണ്ടാക്കിയതുമായ കുറിക്കു ട്ട് ഇതാ സമർപ്പിയ്ക്കുന്നു. അങ്ങ് ലേപനം ചെയ്താലും.

*ശാല്യാക്ഷതൈരതിതരാമപരിക്ഷതാഗ്രൈഃ*
*ശ്രീകുങ്കുമാങ്കപരിശോഭിനിജാങ്ഗഭാഗൈഃ*
*ഗന്ധോപരി സ്ഫുടതരീകരണായ ഹസ്തി*
*വക്ത്രാർചയാമി ഹരിചന്ദനചർചിത ത്വാം*

**സാരം** : ക്ഷതമേൽക്കാത്ത അക്ഷതങ്ങളെകൊണ്ട് ചന്ദനം കുങ്കുമം എന്നിവകൊണ്ടു ശോഭിയ്ക്കുന്ന ശരീരത്തോട്ടു കൂടിയ അല്ലയോ രക്തചന്ദനം പുരട്ടിയ ഗജാനന കുറച്ചും കൂടി വ്യക്തതയ്ക്കു വേണ്ടി ഞാൻ അർച്ചിയ്ക്കുന്നു.

*മന്ദാരകുന്ദകരവീരകചമ്പകാഗ്ര്യ*
*മല്ലീമുഖാനി കുസുമാനി തവാർപയാമി*
*താന്യങ്ഗമങ്ഗമപരിക്ഷത ഭൂഷയ ത്വം*
*സത്ര്യേകവിംശതിദലൈർഗജരാജവക്ത്ര*

**സാരം** : ഇരുപത്തിയൊന്ന് ഇതളുകളെകൊണ്ട് മന്ദാരം, താമര, കരവീരം, ചമ്പകം, മുല്ല തുടങ്ങിയ പൂക്കൾ അങ്ങയ്ക്ക് അർപ്പിയ്ക്കുന്നു. അല്ലയോ ഗജാനന അവ അങ്ങ് ചൂടിയാലും.

*ഛത്രധ്വജാംബുജഘടാങ്കുശരേഖികാങ്കൗ*
*പാഥോജമാർദവവിമർദനനിർദയാങ്ഗൗ*
*ഹസ്തീന്ദ്രവക്ത്ര തവ ഭർമവിനിർമിതാഭ്യാം*
*സംയോജയാമി ചരണൗ മണിപാദുകാഭ്യാം*

**സാരം :** കുട, കൊടി, താമര, അങ്കുശം എന്നിവ അടയാളപ്പെടുത്തിയതും താമരയുടെ മാർദവത്തെ പിന്നിലാക്കുന്ന വിരലാദി അംഗങ്ങളോടു കൂടിയതുമായ അങ്ങയുടെ കാലിണകളിൽ അല്ലയോ ഗജാനന രത്നപാദുകങ്ങളെ അണിയിയ്ക്കാം.

---

# സംസ്കൃതപഠനം (42)

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**രഘുവംശശ്ലോകം**

*തം സന്തഃ ശ്രോതുമർഹന്തി*
*സദസദ്വ്യക്തിഹേതവഃ.*
*ഹേമ്നഃ സംലക്ഷ്യതേ ഹ്യഗ്നൗ*
*വിശുദ്ധിഃ ശ്യാമികാപി വാ.* 10

പദങ്ങൾ : തം, സന്തഃ, ശ്രോതും, അർഹന്തി, സദസദ്വ്യക്തിഹേതവഃ, ഹേമ്നഃ, സംലക്ഷ്യതേ, ഹി, അഗ്നൗ, വിശുദ്ധിഃ, ശ്യാമികാ, അപി, വാ.

**വിഭക്ത്യാദികൾ :**

| | |
|---|---|
| തം | ദകാരാന്തഃ പുല്ലിംഗഃ ദ്വിതീയാ ഏകവചനം |
| സന്തഃ | തകാരാന്തഃ പുല്ലിംഗഃ പ്രഥമാ ബഹുവചനം |
| ശ്രോതും | തുമുന്നന്തം അവ്യയം |
| സദസദ്വ്യക്തിഹേതവഃ | ഉകാരാന്തഃ പുല്ലിംഗഃ പ്രഥമാ ബഹുവചനം |
| ഹേമ്നഃ | നകാരാന്തഃ പുല്ലിംഗഃ ഷഷ്ഠീ ഏകവചനം |
| ഹി | അവ്യയം |

| | |
|---|---|
| അഗ്നൗ | ഇകാരാന്തഃ പുല്ലിംഗഃ സപ്തമീ ഏകവചനം |
| വിശുദ്ധിഃ | ഇകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| ശ്യാമികാ | ആകാരാന്തഃ സ്ത്രീലിംഗഃ പ്രഥമാ ഏകവചനം |
| അപി | അവ്യയം |
| വാ | അവ്യയം |

## ധാത്വാദികൾ :

| | |
|---|---|
| അർഹന്തി | 'അർഹ 'പൂജായാം, ലട് (വർത്തമാനകാലം), പരസ്മൈപെദീ, പ്രഥമപുരുഷഃ, ബഹുവചനം |
| സംലക്ഷ്യതേ | സം ഇതി ഉപസർഗപൂർവകഃ 'ലക്ഷ' ദർശനാങ്കനയോഃ, കർമണി ആത്മനേപദീ, പ്രഥമപുരുഷഃ, ഏകവചനം. |

## സമാസാദികാര്യങ്ങൾ :

സദസദ്വ്യക്തിഹേതവഃ = സദസതോഃ വ്യക്തൗ ഹേതവഃ

## പദാർത്ഥങ്ങൾ :

| | |
|---|---|
| തം | അതിനെ , കാവ്യത്തെ |
| സന്തഃ | സജ്ജനങ്ങൾ, സഹൃദയർ, അനുവാചകർ |
| ശ്രോതും | കേൾക്കുവാൻ |
| അർഹന്തി | അർഹിക്കുന്നു, യോഗ്യരാകുന്നു |
| സദസദ്വ്യക്തിഹേതവഃ | ഗുണദോഷങ്ങളുടെ വ്യക്തതയിൽ ഹേതുക്കൾ |
| ഹേമ്നഃ | സ്വർണ്ണത്തിന്റെ |
| സംലക്ഷ്യതേ | നല്ലവണ്ണം അറിയപ്പെടുന്നു |
| ഹി | പ്രസിദ്ധമാണല്ലോ |
| അഗ്നൗ | അഗ്നിയിൽ |

| | |
|---|---|
| വിശുദ്ധിഃ | ഉജ്ജ്വലാവസ്ഥ, തനിമ |
| ശ്യാമികാ | കാളിമ, മറ്റു ലോഹസമ്പർക്കത്താലുള്ള തനിമക്കുറവ് |
| അപി | കൂട്ടി ചേർക്കുന്നു എന്ന അർത്ഥത്തിൽ |
| വാ | അതോ ഇതോ എന്ന വികല്പാർത്ഥത്തിൽ |

## അന്വയം/ഗദ്യക്രമം :

സദസദ്വ്യക്തിഹേതവഃ സന്തഃ തം ശ്രോതും അർഹന്തി. ഹേമ്നഃ വിശുദ്ധിഃ ശ്യാമികാ അപി വാ അഗ്നൗ ഹി സംലക്ഷ്യതേ.

## അന്വയാർത്ഥം :

സദസത്തുക്കളുടെ വ്യക്തതയ്ക്ക് കാരണക്കാരായ സത്തുക്കൾ ആ കാവ്യത്തെ ശ്രവിയ്ക്കുവാൻ അർഹരാകുന്നു. ഹേമത്തിന്റെ വിശുദ്ധിയും ശ്യാമികയും അഗ്നിയിൽ ആണല്ലോ ലക്ഷീകരിയ്ക്കപ്പെടുന്നത്.

## സാരം :

താൻ എഴുതുവാൻ പോകുന്നതായ കാവ്യം ഈ ശ്ലോകം എഴുതുന്ന അവസരത്തിൽ ഇല്ലാത്തതുകൊണ്ട് ആ (തം) എന്നതുകൊണ്ടു പറഞ്ഞു. ആ രഘുവംശകാവ്യത്തിന്റെ ഗുണദോഷവിവേചനം നടത്തുവാനുള്ള അർഹത ആർക്കുണ്ടെന്ന് പറയുകയാണിവിടെ. അനുവാചകർക്കാണ് യോഗ്യത. അഥവാ ആരുടെ സാന്നിദ്ധ്യത്തിലാണ് ഗുണങ്ങൾ ഏതൊക്കെ ദോഷങ്ങൾ ഏതൊക്കെ എന്നുള്ള വിവേചിച്ച് അറിയുക എന്നാണ് ഇവിടെ പറയുന്നത്. ഇവിടെ സന്തഃ എന്നാണ് പറഞ്ഞിരിക്കുന്നത്. സജ്ജനങ്ങൾ എന്നർത്ഥം. നല്ലതിനെയും തീയതിനെയും കണ്ടാൽ തിരിച്ചറിയുന്നവർ. കാവ്യത്തിലാകുമ്പോൾ സഹൃദയരാണവർ. സമാനമായ ഹൃദയമുള്ളവർ. കവിയുടെ ഉദ്ദേശ്യത്തെ മനസ്സിലാക്കുവാൻ കഴിവുള്ള രസികന്മാരായിരിക്കണം അവർ എന്നും ധ്വനിക്കുന്നു. അപ്പോൾ മേൽപ്പറഞ്ഞ യോഗ്യരായ അനുവാചകരാണ് എഴുതുന്ന കാവ്യത്തിന്റെ ഗുണദോഷങ്ങളെ വേർതിരിച്ച് വെളിപ്പെടുത്തുവാൻ സമർത്ഥർ എന്നു വ്യക്തമാക്കുന്നു.

ഇപ്പറഞ്ഞ ആശയത്തെ സമർത്ഥിയ്ക്കുവാനായി ലോകസാമാന്യമായ ഒരു കാര്യം പറയുന്നു. സ്വർണ്ണത്തിന്റെ ഔജ്ജ്വല്യവും ഉണ്ടോ അതോ ഏതെങ്കിലും തരത്തിലുള്ള മറ്റു ലോഹത്തിന്റെ ചേരുവയിൽ തനിമക്കുറവുണ്ടോ എന്നു തീയ്യിൽ കാണിക്കുമ്പോഴാണ് അറിയുക. തനി സ്വർണ്ണമാണോ അല്ലയോ

എന്ന് അഗ്നി തെളിയിക്കുന്നത് ലോകത്ത് പ്രസിദ്ധമാണല്ലോ എന്ന് പ്രസിദ്ധിയെ കാണിയ്ക്കാൻ ഹി എന്ന പദം ശ്ലോകത്തിൽ കാണാമല്ലോ. അതുപോലെ സഹൃദയരാണ് കാവ്യത്തിന്റെ ഗുണദോഷങ്ങളെ കാണിച്ചുതരുവാൻ സമർത്ഥർ.

ഇവിടെ കാവ്യത്തിന്റെ കാര്യത്തിലും സ്വർണ്ണത്തിന്റെ കാര്യത്തിലും സാധാരണ ധർമ്മമായി പറഞ്ഞിരിക്കുന്ന ഗുണദോഷങ്ങൾ ബിംബം പ്രതിബിംബം എന്ന രൂപത്തിൽ കാണാവുന്നതാണ്.

## സംസ്കൃതഭാഷാപഠിതാക്കൾക്ക് വേണ്ടി –

1. കേ അർഹന്തി?
   സന്തഃ അർഹന്തി.
2. കീദൃശാഃ സന്തഃ അർഹന്തി?
   സദസദ്വ്യക്തിഹേതവഃ സന്തഃ അർഹന്തി.
3. സന്തഃ കിം അർഹന്തി?
   സന്തഃ ശ്രോതും അർഹന്തി.
4. സന്തഃ കിം ശ്രോതും അർഹന്തി?
   സന്തഃ തം(കാവ്യം) ശ്രോതും അർഹന്തി.
5. കാ സംലക്ഷ്യതേ?
   വിശുദ്ധിഃ ശ്യാമികാ അപി വാ സംലക്ഷ്യതേ.
6. കദാ സംലക്ഷ്യതേ?
   അഗ്നൗ (സതി - ഉള്ളപ്പോൾ) സംലക്ഷയതേ.
7. കസ്യ വിശുദ്ധിഃ ശ്യാമികാ അപി വാ സംലക്ഷ്യതേ?
   ഹേമ്നഃ വിശുദ്ധിഃ ശ്യാമികാ അപി വാ സംലക്ഷ്യതേ.
8. ഈ ശ്ലോകത്തിലെ അവ്യയപദങ്ങൾ ഏതെല്ലാം?
   അപി, വാ
9. സന്ധി പിരിച്ചെഴുതുക :
   ൧) ഹ്യഗ്നൗ - ഹി അഗ്നൗ
   ൨) ശ്യാമികാപി - ശ്യാമികാ അപി

(തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  23

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

സ്നേഹബന്ധത്തിന്റെ മഹത്വം ഇഴ വിടർത്തിക്കാണിക്കുന്ന വാല്മീകിരാമായണം, ഇതഃപര്യന്തമുള്ള സാഹിത്യസൃഷ്ടികൾക്കെല്ലാം മാതൃകയാണ്. കൊച്ചു കൂട്ടുകാരെ! മഹാമാരിയിൽ ലോകമെങ്ങും പകച്ചുനിൽക്കുമ്പോൾ സ്നേഹമെന്ന മഹാമന്ത്രംകൊണ്ട് സിദ്ധൗഷധം നിർമ്മിയ്ക്കാം. ഏത് പ്രതിസന്ധികളെയും തരണം ചെയ്ത് മുന്നേറാൻ വാല്മീകി മഹർഷിയെപ്പോലുള്ളവർ നമുക്ക് മാർഗ്ഗദർശനം നൽകുന്നു. സ്വാർത്ഥതാല്പര്യത്താൽ തെറ്റായ മാർഗ്ഗത്തിൽ ചിന്തിയ്ക്കുകയും പ്രവർത്തിയ്ക്കുകയും ചെയ്ത മാതാവിനാൽ തനിയ്ക്ക് ധർമ്മഭ്രംശം വരാതിരിയ്ക്കാൻ ശ്രേഷ്ഠസഹോദരനായ ഭരതൻ ജ്യേഷ്ഠനെ തിരിച്ചുകൊണ്ടുവരാനായി പോകുന്ന രംഗങ്ങളെല്ലാം മഹർഷിവര്യൻ ഹൃദയാവർജ്ജകമാക്കിയിരിയ്ക്കുന്നു. മന്ത്രിമാരും പുരോഹിതന്മാരും സൈനിക സന്നാഹങ്ങളുമടങ്ങുന്ന ആ വരവ് നിഷാദ രാജാവ് ഗുഹനിൽ സാധാരണവും മാനുഷികവുമായ സമ്മിശ്രവികാരങ്ങളാണ് ഉണർത്തിവിട്ടത്. തന്റെ സർവ്വസ്വമായ ശ്രീരാമചന്ദ്രന് കാട്ടിലും സ്വസ്ഥത നൽകാതെ ചതുരംഗപ്പടയോടുകൂടി ആക്രമിയ്ക്കാനെത്തുകയാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി. അതുകൊണ്ട് അദ്ദേഹത്തിന്റെ അനുമതിയോടു കൂടി മാത്രമേ ഇവരെ ഗംഗ കടത്തിവിടുകയുള്ളുവെന്ന് ഗുഹൻ നിശ്ചയിച്ചു.

ആതിഥ്യമര്യാദയിൽ ഒട്ടും കുറവ് വരുത്താതെ അവർക്ക് അല്പംപോലും അലോസരമുണ്ടാക്കാതെ ഈ രാത്രി അവരുടെ കൂടെ കഴിയണമെന്ന അഭ്യർത്ഥന ഭരതനെ സന്തുഷ്ടനാക്കി. ആത്മാർത്ഥ സൗഹൃദം എങ്ങനെയായിരിയ്ക്കണമെന്നതിന്റെ മഹനീയ മാതൃകകൂടി സൃഷ്ടിച്ചിരിയ്ക്കുന്നു മഹാകവി കൂടിയായ മഹാമുനി. തുടർന്ന് സേനാസന്നാഹങ്ങളെയെല്ലാം മാറ്റിനിർത്തി ഭരദ്വാജാശ്രമത്തിലെത്തി ഭരതശത്രുഘ്നന്മാർ ഗുരുവര്യനായ വസിഷ്ഠമുനിസമേതനായി ഭരദ്വാജനെ വണങ്ങി അനുഗ്രഹം വാങ്ങി. ജ്യേഷ്ഠനെ തിരികെ വിളിച്ചുകൊണ്ടുവന്ന് രാജ്യം അദ്ദേഹത്തിൽ സമർപ്പിയ്ക്കുകയാണ് തന്റെ ആഗമനോദ്ദേശ്യമെന്ന് അറിയിച്ചപ്പോൾ മഹർഷിയ്ക്ക് ഭരതനോട് എന്തെന്നില്ലാത്ത ഒരു വികാരവായ്പ് അനുഭവപ്പെട്ടു. രഘുവംശത്തിന് തികച്ചും ഉചിതമാണിതെന്ന് തുറന്നുപറയാനും ഭരദ്വാജമുനി തയ്യാറായി.

ഇതിനിടെ പ്രകൃതിവർണ്ണനയിലും താൻ ഒട്ടും പിറകോട്ടല്ലെന്ന് വാല്മീകിമഹർഷി വ്യക്തമാക്കുന്ന നിരവധി സന്ദർഭങ്ങൾ വായനക്കാരനെ കാത്തിരിയ്ക്കുന്നു. പ്രകൃതിയിൽനിന്ന് വേറിട്ട് മനുഷ്യന് നിലനില്പില്ലെന്നും അദ്ദേഹം ഉത്തമാദ്ധ്യാപകനെ പോലെ പഠിപ്പിയ്ക്കുന്നു. മാത്രമല്ല, വനാന്തരങ്ങളിലൂടെയുള്ള യാത്രയ്ക്കിടയിൽ വൃക്ഷങ്ങളും പുഴകളും നീർച്ചോലകളും മറ്റും സങ്കല്പിയ്ക്കുന്ന അലൗകികാനുഭൂതി ഇവർക്കും അനുഭവവേദ്യമായി. ഇതെല്ലാം വാല്മീകിരാമായണത്തിന്റെ മാത്രം പ്രത്യേകതയാണ്. പ്രിയപ്പെട്ട കുട്ടുകാരെ സിംഹത്തിന്റെ പല്ലെണ്ണിനോക്കുന്ന മഹാകവി കാളിദാസന്റെ ശാകുന്തളത്തിലെ ബാലനായ ദുഷ്യന്തപുത്രനെ ചില കൂട്ടുകാർക്കെങ്കിലും ഓർമ്മ കാണുമല്ലോ. അതുപോലുള്ള ജീവനുള്ള കാഴ്ചകളാണ് ചിത്രകൂടപർവ്വതസാനുക്കൾ വരെ വാല്മീകിയുടെ വീക്ഷണത്തിലൂടെ നമ്മൾ കാണുന്നത്. മാൻകുട്ടങ്ങളും പുള്ളിപ്പുലികളും ഒരേ പൊയ്കയിൽ തൊട്ടടുത്തുനിന്ന് വെള്ളം കുടിയ്ക്കുന്ന കാഴ്ച അവരെ അദ്ഭുതപരതന്ത്രരാക്കി. മാത്രമല്ല ഭരതശത്രുഘ്നന്മാർക്ക് വനവാസികളായ മഹർഷിശ്രേഷ്ഠന്മാരോടുള്ള ആദരവ് പതിന്മടങ്ങ് വർദ്ധിയ്ക്കാനും ഇടയായി. രാജ്യഭരണത്തിന്റെ അധികാരം ഉത്തരവാദിത്വങ്ങളെക്കാൾ പതിന്മടങ്ങ് അഭികാമ്യം ഇതെല്ലാമല്ലേ എന്ന ചിന്തകൂടി അവരിൽ വേരൂന്നി എന്ന് വാല്മീകിമഹർഷി ആനുഷംഗികമായി സൂചിപ്പിയ്ക്കുന്നു. സന്മാർഗ്ഗികളും ധർമ്മചാരികളുമായവരെ അന്വേഷിച്ച് സ്വർഗ്ഗംപോലും താണിറങ്ങി വരുമെന്ന യാഥാർത്ഥ്യം നമ്മുടെ മഹത്തായ ഇതിഹാസങ്ങൾ തെളിയിയ്ക്കുന്നു. കൊച്ചു കൂട്ടുകാരെ ഈ പൗരാണിക ഗ്രന്ഥങ്ങളിലൂടെയുള്ള യാത്ര മാനവനെ വാനവനാക്കിത്തീർക്കാതിരിയ്ക്കുകയില്ല എന്ന് നിസ്സംശയം പറയാം.

(തുടരും)

---

ഔഷധസസ്യങ്ങൾ – 29

# നറുനീണ്ടി

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

മണമുള്ളതും ഔഷധവീര്യമുള്ള രാമച്ചം പോലുള്ളതുമായ മൂലികയാണ് നറുനീണ്ടി. പാമ്പിന് വിഷം പല്ലിൽ എന്നപോലെ തേളിൻ വിഷം വാലിൽ എന്നപോലെ നറുനീണ്ടിയുടെ ഔഷധഗുണം അടങ്ങിയിരിയ്ക്കുന്നത് വേരിലാണ്. രക്തശുദ്ധിയ്ക്കുള്ള ആധികാരിക ഔഷധങ്ങളിലൊന്നുകൂടിയാണ് നറുനീണ്ടി.

അസ്ക്ലിപിയഡേസി കുടുംബത്തിൽപെട്ട ഇതിന്റെ ശാസ്ത്രനാമം ഹെമിഡെസ്മസ് ഇൻഡിക്കസ് എന്നാണ്. സംസ്കൃതത്തിൽ ശാരിബാ, ഗോപികാ,

കൃശോദരി തുടങ്ങിയ പേരുകളുണ്ട്. ഇതിനെ പൊതുവെ നന്നാറി എന്ന് വിളിക്കാറുണ്ട്. നന്നാറി രണ്ടു തരമുണ്ട്. വെള്ളപൂവുള്ളതും കറുത്തപ്പൂവുള്ളതും. കറുത്തതിന് സുഗന്ധം കൂടുതലാണ്. പക്ഷേ ഗുണം രണ്ടിനും ഏറെകുറെ തുല്യമാണതാനും. ത്രിദോഷങ്ങൾ, രക്തദൂഷ്യം, അഗ്നിമാന്ദ്യം, ത്വക് രോഗം തുടങ്ങിയവയ്ക്ക് ഫലവത്താണ്. ലൈംഗികരോഗങ്ങൾക്ക് കൈകണ്ട ഔഷധമായി പൗരാണികകാലം മുതൽ ഉപയോഗിച്ചു വരുന്നു.

ഒരു പലം ശുദ്ധമായ നറുനീണ്ടി വേര് നുറുക്കി നന്നായി ചതച്ച് ഒരു ഗ്ലാസ്സ് വെള്ളത്തിൽ 12 മണിക്കൂർ സൂക്ഷിച്ച് അരിച്ചെടുത്ത വെള്ളം പകുതി വീതം കാലത്തും വൈകുന്നേരവും സേവിച്ചാൽ സ്ത്രീകളുടെ വെള്ളപോക്ക് എന്ന അസുഖം ഭേദമാകും. കൂടാതെ ചൊറി, ചിരങ്ങ്, ദാഹം, അതിവിശപ്പ് എന്നിവയ്ക്കും ഇത് പ്രയോജനപ്പെടുത്താറുണ്ട്. ശരീരത്തിലെ ഉഷ്ണം ഇല്ലായ്മ ചെയ്ത് രക്തപ്രസാദം പ്രദാനം ചെയ്യുന്നു. ഇതുതന്നെ പാലും തേനും ചേർത്ത് കുട്ടികൾക്ക് ഓരോ ഔൺസ് കൊടുത്താൽ ശരീരം ബലം വെയ്ക്കുകയും മറ്റു അസുഖങ്ങൾ വരാതിരിയ്ക്കുകയും ചെയ്യും.

നന്നാറിക്കിഴങ്ങും ചുക്കും പച്ചവെള്ളത്തിലരച്ച് പശുവിൻ തൈരും ശർക്കരയും നാരങ്ങാനീരും ചേർത്ത് സേവിച്ചാൽ ഏക്കത്തിന് ശമനം കിട്ടും. നന്നാറിക്കിഴങ്ങ് ചേർത്ത് പാൽകാച്ചി പതിവായി സേവിച്ചാൽ അശ്മരിരോഗം മാറും.ഇതുപോലെ മറ്റസുഖങ്ങൾക്ക് പ്രതിരോധൗഷധവുമാണ്.

തിപ്പലി, നറുനീണ്ടിക്കിഴങ്ങ്, മുന്തിരിങ്ങ, ചതക്കുപ്പ, അരേണുകം ഇവ സമം ചേർത്ത് കഷായം വെച്ച് ശർക്കര മേമ്പൊടി ചേർത്ത് സേവിച്ചാൽ വാതജ്വരം ഭേദമാകും. നന്നാറിക്കിഴങ്ങ് നല്ലപോലെ കഴുകി വൃത്തിയാക്കി നന്നായി ചതച്ച് ഒരു കുപ്പി പാത്രത്തിലിട്ട് ശുദ്ധമായ പനിനീരൊഴിച്ച് വെയ്ക്കുക. ഇത് നന്നായി തെളിഞ്ഞു വരുമ്പോൾ അരിച്ചെടുത്ത് കണ്ണിൽ രാവിലേയും വൈകീട്ടും തുള്ളിതുള്ളിയായി ഒഴിച്ചാൽ കൂടുതൽ കുളിർമ്മയും കാഴ്ചശക്തിയും ലഭിയ്ക്കും.

നന്നാറി സത്ത്, നന്നാറി സർവ്വത്ത് ഇവ ഇപ്പോൾ ഉഷ്ണകാലപാനീയമായി നാം ഉപയോഗിച്ചുവരുന്നു. സിന്തറ്റിക് വസ്തുക്കൾ ചേർക്കാത്ത പാനീയമായിരിയ്ക്കണമെന്നു മാത്രം.

---

# ഭഗവദ്ഗീതാ – ഒരു പുനർവായന [22]

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

അർജ്ജുനൻ തന്റെ നിശ്ചേതനാവസ്ഥയിൽനിന്ന് വിടുവാൻ തയ്യാറായില്ല എന്ന് അടുത്ത ശ്ലോകം വ്യക്തമാക്കുന്നു.

***അർജ്ജുന ഉവാച***
***കഥം ഭീഷ്മമഹം സംഖ്യേ ദ്രോണം ച മധുസൂദന***
***ഇഷുഭിഃ പ്രതിയോത്സ്യാമി പൂജാർഹാരിസൂദന.***

**അർത്ഥം :** ഹേ മധുസൂന യുദ്ധത്തിൽ എങ്ങനെ ഞാൻ ഭീഷ്മരോടും ദ്രോണരോടും ബാണങ്ങളെകൊണ്ട് ഏറ്റുമുട്ടും. ഹേ അരിസൂദന അവർ പൂജാർഹരാ ണല്ലോ.

അല്ലയോ മധുസൂദന എന്നാണ് സംബോധന ചെയ്യുന്നതു തന്നെ. അങ്ങ് യുദ്ധം ചെയ്തിട്ടുള്ളത് ദുഷ്ടശക്തികളോടാണ് എന്ന് ഇതിലൂടെ സൂചിപ്പിച്ചിരിക്കുന്നു. അരിസൂദന എന്നതുകൊണ്ട് ശത്രുകളോടാണെന്ന് പറയുന്നു. എന്നാൽ ഇവിടെ ഭീഷ്മദ്രോണാദികളോടാണ് തനിക്ക് ഏറ്റേമുട്ടേണ്ടത്. അവരാണെങ്കിൽ എനിക്ക് പൂക്കളാൽ അർച്ചിയ്ക്കപ്പെടുവാൻ യോഗ്യരുമാണ്. അപ്പോൾ എങ്ങനെയാണ് ഞാൻ അവരോടു അമ്പുകളെക്കൊണ്ട് ഏറ്റുമുട്ടുക? സാധ്യമല്ലെന്ന് അർജ്ജുനൻ സംശയിക്കുന്നു.

***ഗുരൂനഹത്വാ ഹി മഹാനുഭാവാ-***
***ഞ്ഛ്രേയശ്ചർതും ഭൈക്ഷ്യമപീഹ ലോകേ***
***ന ത്വർഥകാമാസ്തു ഗുരൂന്നിഹത്യ***
***ഭുഞ്ജീയ ഭോഗാൻ രുധിരപ്രദിഗ്ധാൻ.***

പ്രചാരത്തിലുള്ള പാഠം -

***ഗുരൂനഹത്വാ ഹി മഹാനുഭാവാ-***
***ശ്രേയോ ഭോക്തും ഭൈക്ഷ്യമപീഹ ലോകേ***
***ഹത്വാർഥകാമാംസ്തു ഗുരൂനിഹൈവ***
***ഭുഞ്ജീയ ഭോഗാൻ രുധിരപ്രദിഗ്ധാൻ.***

അർത്ഥം : മഹാനുഭാവന്മാരായ ഗുരുക്കന്മാരെ കൊല്ലാതെ ഈ ലോകത്ത് ഭിക്ഷാന്നം ഉണ്ണുന്നതും ശ്രേയസ്സക്കരമാണ്. ഗുരുക്കന്മാരെ കൊന്നിട്ട് രക്തപങ്കിലമായ അർത്ഥകാമങ്ങളാകുന്ന ഭോഗങ്ങളെ ഭുജിക്കുകയുള്ളൂ.

ഗുരുക്കന്മാരെ ഹനിക്കുക എന്നതല്ല ശ്രേയസ്സിനു കാരണമാകുക. മറിച്ച് പിച്ച എടുക്കേണ്ടി വന്നാലും അതുതന്നെ ശ്രേയസ്സകരം. അർത്ഥകാമങ്ങൾക്കു വേണ്ടി ഗുരുക്കന്മാരെ ഹനിച്ചാൽ അത് ശ്രേയസ്സു നേടി തരില്ല. അവരെ കൊന്നാൽ ചോരപുരണ്ടതായ അർത്ഥകാമങ്ങളെ അനുഭവിയ്ക്കാൻ സാധിക്കുകയുള്ളൂ. അവരെ കൊല്ലുന്ന യുദ്ധമല്ല ശ്രേഷ്ഠം. മറിച്ച് പിച്ച എടുക്കുകയാണ് ശ്രേഷ്ഠം.

## അഭിനവഗുപ്താചാര്യരുടെ വ്യാഖ്യാനം

'ഭീഷ്മം ദ്രോണം ച' ഇത്യാദിനാ , ' ഭുഞ്ജീയ ഭോഗാൻ' ഇത്യനേന ച കർമവിശേഷാനുസന്ധനം ഫലവിശേഷാനുസന്ധനം ച ഹേയതയാ പൂർവപക്ഷേ സൂചയതി.

ഭീഷ്മം ദ്രോണം ച ഇത്യാദിനാ എന്നതുകൊണ്ടും ഭുഞ്ജീയ ഭോഗാൻ എന്നതുകൊണ്ടും കർമവിശേഷാനുസന്ധാനത്തെയും ഫലവിശേഷാനുസന്ധാനത്തെയും ഉപേക്ഷിയ്ക്കേണ്ടതാണെന്ന് പൂർവപക്ഷത്തിൽ സൂചിപ്പിയ്ക്കുന്നു. പൂർവ്വപക്ഷം എന്ന അർജ്ജുനപക്ഷം രണ്ടു കാര്യങ്ങളാണ് പറയുന്നത്. ഒന്ന് ഭീഷ്മർ ദ്രോണർ തുടങ്ങിയവരെ ഹനിയ്ക്കുക എന്നതിൽ ചെയ്യുന്ന പ്രവൃത്തിയെക്കുറിച്ചുള്ള വിശേഷമുണ്ട്. താൻ ഹനിയ്ക്കാൻ പോകുന്നത് തന്റെതന്നെ ഗുരുക്കന്മാരെയാണ്. അതുകൊണ്ട് ആ കർമ്മം (പ്രവൃത്തി) ഗുരുഹനനം ത്യാജ്യമാണ്. കാരണം ഗുരുക്കന്മാർ ഹനിയ്ക്കപ്പെടേണ്ടവരല്ല. രണ്ടു ഭോഗാനുഭവത്തിനുവേണ്ടി എന്ന ഫലവിശേഷവും ത്യാജ്യമാണ്. അതായത് രാജ്യസുഖാനുഭവത്തിനുവേണ്ടിയുള്ളതുമായ ഗുരുഹനനവും ഉപേക്ഷിയ്ക്കേണ്ടതാണ്. ഗുരുക്കന്മാരെ കൊല്ലാനും പാടില്ല, അർത്ഥകാമങ്ങൾ ആഗ്രഹിച്ച് ഗുരുക്കന്മരോട് യുദ്ധം ചെയ്യാനും പാടില്ല. ഇതു രണ്ടുമാണ് അർജ്ജുനന്റെ നിലപാട്.

അർജ്ജുനൻ തുടരുന്നു -

***നൈതദ്വിദ്മഃ കതരന്നോ ഗരീയോ***
***യദ്വാ ജയേമ യദി വാ നോ ജയേയുഃ.***
***യാനേവ ഹത്വാ ന ജിജീവിഷാമ-***
***സ്തേ നഃ സ്ഥിതാഃ പ്രമുഖേ ധാർതരാഷ്ട്രാഃ .***

പ്രചാരത്തിലുള്ള പാഠം -

***ന ചൈതദ്വിദ്മഃ കതരന്നോ ഗരീയോ***
***യദ്വാ ജയേമ യദി വാ നോ ജയേയുഃ.***
***യാനേവ ഹത്വാ ന ജിജീവിഷാമ-***
***സ്തേവസ്ഥിതാഃ പ്രമുഖേ ധാർതരാഷ്ട്രാഃ .***

അർത്ഥം : അവർ ഞങ്ങളെ ജയിക്കുക, ഞങ്ങൾ അവരെ ജയിക്കുക എന്ന ഈ രണ്ടിൽ ഏതാണ് ശ്രേഷ്ഠമെന്ന് എനിക്ക് അറിയുകയില്ല. ആരെ കൊന്നിട്ടാണോ ഞങ്ങൾക്ക് ജീവിയ്ക്കാൻ ആഗ്രഹമില്ലാത്തത് ആ ധാർത്തരാഷ്ട്രന്മാർ മുമ്പിൽ നിൽക്കുന്നു.

അവസാനം അർജ്ജുനൻ എന്താണ് ചെയ്യേണ്ടതാണെന്ന് തനിക്ക് അറിയില്ല എന്ന് ശ്രീകൃഷ്ണപരമാത്മാവിനോടു സമ്മതിയ്ക്കുകയാണ്. അവർ നമ്മളെ ജയിക്കും. അതിനു നമ്മൾ അനുവദിക്കണമോ അതോ ഞങ്ങൾ അവരെ ജയിക്കണം. അതിന് ഞങ്ങൾ പരിശ്രമിക്കണമോ. ഈ രണ്ടിൽ ഏതാണ് വേണ്ടത് എന്ന് തനിക്ക് അറിഞ്ഞുകൂടാ. യാതൊരാൾക്കാരെ കൊന്നാലാണോ തങ്ങൾക്ക് രാജ്യസുഖമനുഭവിക്കുവാൻ സാധിക്കുക അവരെ കൊന്നു കളഞ്ഞിട്ട് ജീവിച്ചിരിക്കുക വലിയ അർത്ഥമുള്ള കാര്യമല്ല. അപ്രകാരമുള്ള ധാർത്തരാഷ്ട്രന്മാരാണ് ഇതാ മുന്നിൽ നിൽക്കുന്നു. ഇപ്രകാരം അർജ്ജുനൻ ഇതികർത്തവ്യതാമൂഢതയെ ശ്രീകൃഷ്ണപരമാത്മാവിന്റെ മുമ്പിൽ വെളിവാക്കുന്നു.

# ലളിതാസഹസ്രനാമം (32)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞ ലക്കം തുടർച്ച)

## നിരന്തരാ :

സർവ്വവ്യാപിയായവൾ. ദേവി എല്ലായിടത്തുമുണ്ട്. ദേവിയില്ലാത്ത ഒരു സ്ഥലവുമില്ല. അന്തരം എന്നാൽ മദ്ധ്യഭാഗം വിടവ് എന്നൊക്കെ അർത്ഥം. അപ്പോൾ ദേവിയുടെ സ്ഥൂലരൂപം പറയുമ്പോൾ മധ്യഭാഗമില്ലാത്തവൾ എന്ന് ഇതിന് അർത്ഥം വരും. വിടവ് എന്നെടുത്താൽ ദേവി ഇടതൂർന്ന് ഈ ജഗത്തിൽ വ്യാപിച്ചിരിക്കുന്നു. എല്ലായിടത്തും ദേവിയുടെ പ്രകാശത്തെ ധ്യാനിക്കുവാൻ ഒരു നിർദ്ദേശമുണ്ട്. ബാലാപരമേശ്വരിയുടെ ധ്യാനത്തിൽ "അരുണകിരണ ജാലൈഃ അഞ്ചിതാശാവകാശാ" എന്ന് പറയുന്നുണ്ട്. അരുണകിരണ സമൂഹങ്ങളെകൊണ്ട് ദിക്കുവിദിക്കുകളെ നിറച്ചവളാണ് എന്ന വിധത്തിൽ ദേവിയെ ധ്യാനിക്കണമെന്ന്. അതായത് ഈ പ്രപഞ്ചം മുഴുവൻ ദേവി നിറഞ്ഞു നിൽക്കുന്നു. ദേവിയല്ലാതെ വേറെ ഒന്നും തന്നെ ഈ പ്രപഞ്ചത്തിൽ ഇല്ല. ലോകത്തിലെ ഏതൊരു വസ്തുവും അത് എവിടെയുമുള്ള വാതകമോ ദ്രാവകമോ ഖരപദാർത്ഥമോ ആയിക്കൊള്ളട്ടെ അതിന്റെയെല്ലാം ഇലക്ട്രോണും പ്രോട്ടോണും ന്യൂട്രോണും ഒന്നു തന്നെയെന്ന് ആധുനിക ശാസ്ത്രവും പറയുമ്പോൾ നമുക്ക് ഒരു കാര്യം വ്യക്തമാകുന്നത്  തൊലി എന്നത് നമ്മുടെ ശരീരത്തിന്റെ അതിരാണെന്ന് ധരിച്ചിരിക്കുന്നത് വാസ്തവമല്ല എന്നതാണ്. ഇപ്പറഞ്ഞ ആധുനിക ശാസ്ത്രം അനുസരിച്ചും നമ്മുടെ ശരീരത്തിന്റെ നീളപ്പെട്ട ഭാഗം തന്നെയാണ് ഈ പ്രപഞ്ചത്തിലെ എന്തും, അതുകൊണ്ടും ആധുനിക ശാസ്ത്രദൃഷ്ടിയിലും ഈശ്വരീയത ഇടതടവില്ലാതെ എങ്ങും ഏതിലും നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് ദേവി നിരന്തരാ.

## നിഷ്കാരണാ :

കാരണമില്ലാത്തവൾ. ദേവി ഉണ്ടായത് അല്ലാത്തതുകൊണ്ട് കാരണമില്ലാത്തവൾ എന്നർത്ഥത്തിൽ നിഷ്കാരണാ എന്ന നാമം. എല്ലാത്തിനും കാരണമായിട്ടുള്ള ദേവിയ്ക്കൊരു കാരണമുണ്ടെന്ന് പറയുക വയ്യ. ജനക മഹാരാജാവിന്റെ രാജധാനിയിൽ ഗാർഗ്ഗി യാജ്ഞവല്ക്യ മഹർഷിയോട് ഓരോന്നിന്റെയും ആശ്രയമേത് എന്നു ചോദിച്ച് എല്ലാത്തിനും ആശ്രയമായിരിക്കുന്ന ബ്രഹ്മത്തിന്റെ ആശ്രയമേതെന്ന് ചോദിച്ചപ്പോൾ അതൊരു അനാവശ്യ ചോദ്യമാണെന്ന് മഹർഷി സൂചിപ്പിച്ചു. അതുകൊണ്ട് ആത്യന്തിക സത്യമായ ദേവിയ്ക്ക് കാരണമില്ലാത്തതുകൊണ്ട് ദേവിയ്ക്ക് നാമം നിഷ്കാരണാ.

## നിഷ്കളങ്കാ :

മാലിന്യമില്ലാത്തവൾ. മാലിന്യം വന്നപ്പോളാണ് പ്രപഞ്ചമായിത്തീർന്നത്. പ്രപഞ്ചമായിത്തീർന്നപ്പോഴും ദേവിയ്ക്ക് മാറ്റമില്ലാത്തവളായി നിൽക്കുന്നതുകൊണ്ട് നിഷ്കളങ്കാ

## നിരുപാധിഃ

ഉപാധിയില്ലാത്തവൾ. ദേവി പലതാകാൻ ആഗ്രഹിച്ചതിന്റെ ഫലമാണല്ലോ ഈ പ്രപഞ്ചം. അപ്രകാരം സൃഷ്ടി നടത്താൻ ദേവിയ്ക്ക് പ്രത്യേകിച്ച് ഒരു ഉപകരണമാവശ്യമില്ല. അങ്ങനെ പലതായവകളിൽ നാമും ഉൾപെട്ടതിനാൽ നമ്മളും ദേവി തന്നെയാണ്. നിരുപാധി എന്ന നാമത്തിന്റെ അർത്ഥം ശരിയ്ക്കും മനസ്സിലായാൽ നാം ദേവി തന്നെയെന്ന് മനസ്സിലാകും.

## നിരീശ്വരാ

ഈശ്വരനില്ലാത്തവൾ. തന്നിൽനിന്ന് വേറിട്ട് ഒരു വസ്തുവില്ലാത്തിനാൽ ദേവിയ്ക്ക് ഈശ്വരവിശ്വാസമില്ല. ദേവിയ്ക്ക് തന്നിൽ തന്നെയാണ് വിശ്വാസം. ദേവിയ്ക്ക് ഒന്നിനെയും ആശ്രയിയ്ക്കേണ്ടതായിട്ടില്ലല്ലോ.

## നീരാഗാ

രാഗമൊന്നുമില്ലാത്തവൾ. രാഗം എന്നാൽ വേണമെന്ന തോന്നൽ. ദേവിയ്ക്ക് എന്തെങ്കിലും ഒന്ന് വേണമെന്ന തോന്നൽ ഇല്ല. അത് വേണം ഇത് വേണം എന്ന മറ്റൊന്നിനോട് ഒരു മമത്വബോധം ദേവിയ്ക്കില്ല. ദേവിയല്ലാതെ വേറൊന്ന് ഉണ്ടെന്ന ബോധം ദേവിയ്ക്ക് ഇല്ലാത്തതുകൊണ്ടും എല്ലാം ദേവിതന്നെ എന്ന് ദേവി അറിയുന്നതുകൊണ്ടും പ്രത്യേകിച്ച് ഒന്ന് വേണമെന്ന തോന്നൽ ദേവിയ്ക്കില്ല. അതുകൊണ്ട് ദേവി നീരാഗാ .

നീരം ജലവും അഗം പർവ്വതവുമാണ്. ജലമെന്നാൽ പുഴ. അങ്ങനെ പുഴകളും മലകളും ചേർന്നതാണീ ഭൂമി. അപ്പോൾ ഈ ഭൂമി ദേവിയെന്ന് ഈ നാമം പറയുന്നു. ഈ ഭൂമി അമ്മയും ഈ ഭൂമിയുടെ സന്തതികൾ നമ്മളും എന്ന കാഴ്ച്ചപ്പാട് നമുക്കുണ്ടല്ലോ. ദേവിയാകുന്ന ഈ ഭൂമിയുടെ രോമകൂപാദികളാകുന്നു വൃക്ഷങ്ങൾ. ഭൂമി ദേവിയും അമ്മയും ആയതുകൊണ്ട് നാം ഭൂമിയിൽ അവിടെയും ഇവിടെയും നാം തുപ്പാറില്ല. ദേവിയാകുന്ന ഭൂമിയുടെ രോമങ്ങളാകുന്ന വൃക്ഷങ്ങൾ അനാവശ്യമായി പിഴുതെറിയാറില്ല. അതുകൊണ്ട് പ്രത്യേകിച്ചൊരു പ്രകൃതിസംരക്ഷണ ശാസ്ത്രവും നമുക്ക് ആവശ്യമില്ലായിരുന്നു.

ഇപ്രകാരം ദേവി മമത്വബോധം ഇല്ലാത്തവളും പ്രത്യേകിച്ചൊരു ആവശ്യമില്ലാത്തവളുമാണ്.

## രാഗമഥനാ

രാഗത്തെ ഇല്ലാതാകുന്നവൾ. രാഗത്തെ കടഞ്ഞുകടഞ്ഞ് ഇല്ലാതാക്കും. രാഗമില്ലാത്ത ദേവിയെ ഉപാസിച്ചാൽ നമ്മളിൽ രാഗം ഇല്ലാതാകും. അപ്പോൾ നമ്മൾ നീരാഗരായി മാറും. നാം ദേവിയായി മാറും.

## നിർമദാ

അഹങ്കാരമില്ലാത്തവൾ. നമ്മളുടേതുപോലെ ഞാൻ എന്ന ചെറിയ ബോധമില്ല ദേവിയ്ക്കില്ല . ദേവിയുടെ ഞാൻ എന്ന ബോധമോ ഈ പ്രപഞ്ചം മുഴുവൻ ഞാൻ ആണെന്ന തരത്തിലാണ്. ദേവിയ്ക്ക് പ്രത്യേകിച്ച് ഞാനും നീയും ഇല്ല . മുൻപറഞ്ഞ തരത്തിലുള്ള ഞാൻ മാത്രമേ ഉള്ളൂ. എങ്കിൽ ഞാൻ ഇല്ല എന്നു പറയാം. അതുകൊണ്ട് ദേവി നിർമദാ. ഞാനാണിതെല്ലാം എന്ന തോന്നൽ ഉണ്ടായാൽ മദമില്ലാത്ത അവസ്ഥയിൽ എത്തും .

## മദനാശിനീ

ദേവിയെ ആരാധിച്ചാൽ അഹങ്കാരമില്ലാതാവും. അല്പമായ ഞാൻ എന്ന ബോധം അതായത് ഉപാസകന്റെ ഔദ്ധത്യം ദേവി നശിപ്പിയ്ക്കും. അങ്ങനെ ഉപാസകൻ ദേവിയായി (നിർമദാ) തീരും.

*നിശ്ചിന്താ നിരഹങ്കാരാ നിർമോഹാ മോഹനാശിനീ*
*നിർമമാ മമതാഹന്ത്രീ  നിഷ്പാപാ പാപനാശിനീ*

## നിശ്ചിന്താ

യാതൊരു ചിന്തയുമില്ലാത്തവൾ. ചിന്തയാണീ പ്രപഞ്ചമായിത്തീരുന്നത്. ചിന്തിക്കുന്നതുകൊണ്ടാണ് ഈ ലോകമുണ്ടാകുന്നത്. ആധുനികപാശ്ചാത്യചിന്തകനായ നീഷേയുടെ I Think Therefore I am എന്ന വാക്കുകൾ ഇവിടെയാണ് കൂടുതൽ പ്രസക്തമാകുന്നത്. ഞാനുണ്ടെന്ന്  ഞാനറിയുന്നത് ഞാൻ ചിന്തിക്കുന്നതുകൊണ്ടാണ്. ഞാനെന്ന് പറയുന്ന ഈ അല്പമായ ബോധ (conscious)ത്തിന് നിദാനമായി വർത്തിക്കുന്നത് ചിന്തയാണ്. അല്പമായ ഞാൻ എന്ന ബോധം ദേവിയ്ക്ക് ഇല്ലാത്തത്  ചിന്തയില്ലാത്തവളായതുകൊണ്ടാണ്. അതുകൊണ്ട് ദേവി നിശ്ചിന്താ.

## നിരഹങ്കാരാ

അഹങ്കാരമില്ലാത്തവൾ. ദേവി ചിന്താവിഹീനയായവളായതുകൊണ്ട് ദേവിയ്ക്ക് ഞാൻ ചെയ്യുന്നു, പറയുന്നു എന്ന ബോധമില്ല. തന്റെ ഉള്ളിലെ ചിന്തയെ നിശ്ശേഷം ഇല്ലാതാക്കിയാൽ മാത്രമേ ഞാനെന്ന അല്പബോധമില്ലാതാവുകയുള്ളൂ. അപ്പോൾ മാത്രമേ ചിന്തയില്ലാത്തവസ്ഥയിലെത്തുകയുള്ളൂ. ഈ നിരഹങ്കാരയെ  ഉപാസിച്ചാൽ ദേവിയായി തീരും.

## നിർമോഹാ

മോഹമില്ലാത്തവൾ. അഹങ്കാരമില്ലാത്തതുകൊണ്ട് ഒന്നു കണ്ടാൽ വേറൊന്നാണെന്ന് ഭ്രമിക്കില്ല. ഒന്നിനെ കണ്ടാൽ വേറൊന്നാണെന്ന് ഭ്രമിക്കുന്നത് മോഹം. ഞാനാണിതൊല്ലാം എന്ന ബോധമുള്ളതുകൊണ്ട് ഒന്നിനെ വേറൊന്നായി ഭ്രമിയ്ക്കുകയില്ല. അതുകൊണ്ട് ദേവി മോഹമില്ലാത്തവളാണ്.

### മോഹനാശിനീ

ഒന്നു കണ്ടാൽ വേറൊന്നായി കാണാത്തതുകൊണ്ട് നിർമോഹയായ ദേവിയെ ഉപാസിച്ചാൽ ദേവി നമുക്ക്  ദേവീപദം തരും. നമ്മുടെ മോഹത്തെ നശിപ്പിയ്ക്കുന്നു. അതുകൊണ്ട് ദേവി മോഹനാശിനീ.

### നിർമമാ

മമത്വം ഇല്ലാത്തവൾ.  ദേവിയ്ക്ക് മോഹമില്ലാത്തതുകൊണ്ടുതന്നെ എന്റേത് നിന്റേത് എന്ന ഭേദചിന്തയും ദേവിയ്ക്കില്ല. അതുകൊണ്ട് ദേവിനാമം നിർമമാ.

### മമതാഹന്ത്രീ

മമതയില്ലാത്ത ദേവിയെ ഉപാസിച്ചാൽ ദേവി മമതയില്ലാത്തവരുടെ മമതയില്ലാതാക്കും.  അതുകൊണ്ട് ദേവിയുടെ നാമം മമതാഹന്ത്രീ.

### നിഷ്പാപാ

പാപമില്ലാത്തവൾ. ഈശ്വരനിൽനിന്ന് അകലുന്നതാണ് പാപം. ഈശ്വരനോട് അടുക്കുന്നതു പുണ്യവും. ദേവി ഒരിക്കലും ദേവിയിൽനിന്ന് അകലുന്നില്ല. അതുകൊണ്ട് നിഷ്പാപാ എന്ന നാമം.

### പാപനാശിനീ

പാപത്തെ നശിപ്പിയ്ക്കുന്നവൾ. നിഷ്പാപയായ ദേവിയെ ഉപാസിച്ചാൽ ഉപാസകന്റെ പാപം ഇല്ലാതെയാകും. ഈശ്വരനോട് (ദേവിയോട്) അടുക്കും. പാപത്തെ നശിപ്പിയ്ക്കുന്നതുകൊണ്ട് പാപനാശിനീ.

(തുടരും)

---

ശ്രീ ജഗദ്ധരഭട്ട വിരചിതം

# സ്തുതികുസുമാഞ്ജലി (2)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

(കഴിഞ്ഞ ലക്കം തുടർച്ച)

### സ്തുതി–3

*രമ്യരീതിരനഘാ ഗുണോജ്ജ്വലാ ചാരുവൃത്തരുചിരാ രസാന്വിതാ*
*രഞ്ജയത്വിയമലങ്കൃതാ മനഃ സ്വാമിനഃ പ്രണയിനീ സരസ്വതീ*

**അർത്ഥം** - എപ്രകാരമാണോ അതിസുന്ദരയും ദോഷരഹിതയും സദ്ഗുണസമ്പന്നയും മനോഹരങ്ങളായ അലങ്കാരങ്ങളോടു കൂടിയവളും എല്ലാ രസങ്ങളോടു കൂടിയവളുമായ പ്രണയിനീ സ്വന്തം സ്വാമിയുടെ (പതിയുടെ) മനസ്സിനെ സന്തോഷിപ്പിക്കുന്നത്, അപ്രകാരം ഈ അതിസുന്ദരവും ദോഷരഹിതവും ഗുണങ്ങളാൽ ഉജ്ജ്വലമായതും മനോഹരങ്ങളായ വൃത്താലങ്കാരങ്ങളോടു കൂടിയതും എല്ലാ രസങ്ങളോടു കൂടി അലങ്കരിക്കപ്പെട്ടതും പ്രണയിനിയുമായ എന്റെ സരസ്വതി (സ്തുതികൾ), സ്വാമിയുടെ (ശിവന്റെ) മനസ്സിനെ മോഹിപ്പിക്കാൻ ഉതകുന്നതാണ്.

## സ്തുതി– 4

*സത്വധാമ വരലാഭയാചിതശ്ലാഘ്യവർണ്ണവിശദാ വിശത്വിയം*
*നിർമ്മലം സഘനകാലവിപ്ലവാ മാനസം സ്മരജിതഃ സരസ്വതീ*

**അർത്ഥം** - എപ്രകാരമാണോ അത്യുജ്ജ്വലവും മനോഹരവും വെളുത്ത വർണ്ണങ്ങളാൽ ദീപ്തമായതുമായ ഹംസം വർഷകാലത്തിന്റെ ഒഴുക്കിനാൽ സുനിർമ്മലവുമായ മാനസസരോവരത്തിലേക്ക് പ്രവേശിക്കുന്നത്, അപ്രകാരം വർത്തമാന കലികാലത്തിന്റെ ഉപദ്രവത്താൽ ഭയപ്പെട്ട എന്റെ സരസ്വതി, പരമപ്രകാശമയവും സത്വഗുണങ്ങളുടെ ആധാരഭൂതവും കാമദേവനെ പോലും ജയിച്ചവനും ദയാലുവുമായ പരമേശ്വരന്റെ നിർമ്മലമായ ചിത്തത്തിൽ പ്രവേശിച്ചിരിക്കുന്നു. അതായത് യമരാജഭയത്തെ നിരാകരിക്കുന്നതിനായിക്കൊണ്ട് ഞാൻ ഈ സ്തുതികുസുമാജലി എഴുതിയിരിക്കുന്നത്.

## സ്തുതി– 5

*ഭക്തിതഃ സപദി സർവ്വമംഗളാ ബോധിതാ നിജധിയൈവ മേനയാ*
*ആരിരാധയിഷതീശ്വരം വരം ലബ്ധുമീപ്സിതമിയം സരസ്വതീ*

**അർത്ഥം** - ഏപ്രകാരമാണോ അമ്മയായ ശ്രീ മേനകയുടെ ഉപദേശത്താൽ ശ്രീപാർവ്വതി സ്വന്തം മനോഭീഷ്ടമായ വരം നേടുന്നതിനുവേണ്ടി (ശ്രീ പരമേശ്വരനെ ലഭിക്കുന്നതിനു വേണ്ടി) അതിഗാഢ ഭക്തിയാൽ ശീഘ്രമായി ഏകമാത്രമായി സദാശിവനെ ആരാധിച്ചത്, അപ്രകാരം എന്റെ ബുദ്ധിയാൽ പ്രേരിതമായി, മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും നിരന്തരം ശ്രീശിവനെ ധ്യാനിക്കയാൽ, എല്ലായിടത്തും ശുഭമായതും പരിപൂർണ്ണവുമായ എന്റെ സരസ്വതി, അതിന്റെ സ്വാഭിലഷിതമായ വരം പ്രാപ്തമാക്കുന്നതിനുവേണ്ടി അതിഗാഢ ഭക്തിയാൽ ശീഘ്രമായി ശ്രീസദാശിവനെ ആരാധിക്കാൻ ആഗ്രഹിക്കുന്നു.

## സ്തുതി – 6

*ഓമിതി സ്ഫുരദുരസ്യനാഹതം ഗർഭഗുംഭിത സമസ്തവാങ്മയം*
*ദൻധ്വനീതി ഹൃദി യത്പരം പദം തത്സദക്ഷരമുപാസ്മഹേ മഹഃ*

**അർത്ഥം** - സത്തായതും (സനാതനം), സ്വരൂപത്തിൽ തന്നെ പരമ ഉത്കൃഷ്ടമായതും, അകാര ഉകാര മകാരത്തോടു കൂടിയതും, പ്രണവരൂപവും, അനാഹതയിൽ (ഹൃദയപ്രദേശത്ത്) പ്രകാശിച്ച്, ഹൃദയത്തിൽ സദാസമയവും മുഴങ്ങുന്നതും, ഉള്ളിൽ സമസ്ത വാങ്മയ- പ്രപഞ്ചം അടങ്ങിയിട്ടുള്ളതുമായ ആ ഓംകാരത്തെ (പരമ ജ്യോതിർമയമായ ഭഗവാൻ ശിവനെ) ഞങ്ങൾ ഉപാസിക്കുന്നു.

## സ്തുതി – 7

*ഭാനുനാ തുഹിനഭാനുനാ ബൃഹത്ഭാനുനാ ച വിനിവർത്തിതം ന യത്*
*യേന തത്ധ്വഗിതി ശാന്തിമാന്തരം ധ്വാന്തമേതി തദുപാസ്മഹേ മഹഃ*

**അർത്ഥം** - സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നിവയിൽ നിന്ന് പിന്തിരിഞ്ഞോടുന്ന ഹൃദയത്തിലുള്ള അജ്ഞാനരൂപമായ അന്ധകാരം, ആരുടെ കൃപയാലാണോ കാറ്റിന്റെ വേഗത്തിൽ ശാന്തമാകുന്നത്, ആ പരമമായ ജ്യോതിസ്വരൂപമായ പരമേശ്വരനെ ഞങ്ങൾ ഉപാസിക്കുന്നു.

## സ്തുതി – 8

*കീചകാദികുഹരേഷ്വിവാംബരം ബിംബമംബരമണേരിവോർമിഷു*
*ഏകമേവ ചിദചിത്സ്വനേകധാ യച്ചകാസ്തി തദുപാസ്മഹെ മഹഃ*

**അർത്ഥം** - മുളകൾക്കുള്ളിലെ ദ്വാരത്തിലുള്ള ശൂന്യസ്ഥലം (ആകാശം) എന്നപോലെയും, തിരമാലകളിൽ പ്രതിഫലിക്കുന്ന സൂര്യന്റെ പ്രതിബിംബം പോലെയും ഏതാണോ വർത്തിക്കുന്നത്, അതായത് ഒന്നാണെങ്കിലും അനേകമായി (ആകാശവും സൂര്യനും ഒന്നു തന്നെയേ ഉള്ളൂ, എങ്കിലും മുളകളുടെ ദ്വാരത്തിലും, തിരമാലകളിലെ പ്രതിബിംബത്തിലും അനേകമായ ആകാശത്തേയും സൂര്യനേയും കാണുന്നു). അതുപോലെ തന്നെയാണ് പരമമായ സത്യവും. ചിത്ത് ഒന്നേയുള്ളൂ. അത് ചേതനവും അചേതനവുമായ നിരവധി വസ്തുക്കളിൽ പലതായി കാണുന്നു. ആ പരമമായ സത്യത്തെ, പരമജ്യോതിരൂപമായ സദാശിവനെ ഞങ്ങൾ ധ്യാനിക്കുന്നു.

## സ്തുതി– 9

*തർക്കകർക്കശഗിരാമഗോചരം സ്വാനുഭൂതിസമയൈകസാക്ഷിണം*
*മീലിതാഖിലവികൽപവിപ്ളവം പാരമേശ്വരമുപാസ്മഹേ മഹഃ*

**അർത്ഥം** - ആരാണോ സങ്കല്പാതീതനും ഐശ്വര്യശാലിയുമായ ശ്രീപരമേശ്വരന്റെ വിഷയങ്ങളിൽ അനേക പ്രകാരത്തിലുള്ള വിദ്ധ്വജനങ്ങളുടെ തെറ്റായ തർക്കങ്ങളാൽ (അഭിപ്രായങ്ങളാൽ) ഉണ്ടായ കഠോരമായ ശബ്ദങ്ങളിൽ നിന്ന് അത്യന്തം ഇന്ദ്രിയാതീതനായി സ്ഥിതി ചെയ്യുന്നത്, ആ കേവലമായ ഏകമായ സ്വാനുഭവമായ സ്വയം പ്രകാശം (ജ്ഞാനം) പരമമായ ജ്യോതിയിൽ (ശിവനിൽ) ആണ് പ്രമാണമായിരിക്കുന്നത്. എന്നാൽ ഏതൊ

രു പരമാത്മാവാണോ സകല ചരാചരങ്ങളേയും പ്രകാശിപ്പിക്കുന്നത്, ആ സ്വയം പ്രകാശത്തിന് പ്രകാശിക്കുവാൻ ഒരു പ്രമാണത്തിന്റേയും ആവശ്യം ഇല്ല. ആരാണോ ശബ്ദ, സ്പർശ, രൂപ, രസ ഇത്യാദി സമസ്തവിഷയരൂപങ്ങളു ടേയും സംസർഗത്തിൽനിന്നെല്ലാം വിവർജിതനായി, അതായത് വിശുദ്ധി യായി നിർവ്വിശേഷസ്വരൂപമായി നിലകൊള്ളുന്നത്, ആ സങ്കല്പാതീതനായ ഐശ്വര്യശാലിയായ പരമേശ്വരനെ ഞാൻ ധ്യാനിക്കുന്നു.

## സ്തുതി – 10

*സ്വാവഭാസമയമേവ മായയാ യേന ഭിന്നമവഭാസ്യതേ ജഗത്*
*ചിത്രമിന്ദ്രധനുരഭ്രലേഖയാ ഭാസ്വതേവ തദുപാസ്മഹേ മഹഃ*

**അർത്ഥം** - എപ്രകാരമാണോ മേഘങ്ങളുടെ സംയോഗത്താൽ ഇടിമി ന്നൽ പരിണമിക്കപ്പെട്ട് സ്വയം പ്രകാശമായ സൂര്യനെപോലെ പ്രകാശിക്കു ന്നത്, അപ്രകാരം സ്വയംപ്രകാശമായ ജഗത്, മായാതത്വത്തിന്റെ സംയോഗ ത്താൽ അനേകമായി നാനാരൂപമായി (പ്രപഞ്ചവസ്തുക്കൾ) പരിണമിക്കപ്പെ ട്ട് ആ പരമാമാവിനെപോലെ പ്രകശിക്കുന്നു. ആ പരമജ്യോതിയെ (ശിവനെ) ഞങ്ങൾ ഉപാസിക്കുന്നു.

## സ്തുതി – 11, 12

*ഹൃദ്ഗുഹാഗഹനഗേഹഗൂഹിതം ഭാസിതാഖിലജഗത്ത്രയോദരം*
*കന്ദകന്ദരദരീമുഖോദ്ഗതപ്രാണമാരുതകൃതസ്ഥിരസ്ഥിതം*

*ത്യക്തസർവദശമക്ഷയോദയം രൂപവർജ്ജിതമഭിത്തിസംശ്രയം*
*യം നിരഞ്ജനമനക്ഷഗോചരം ദീപമദ്ഭുതമുശന്തി തം സ്തുമഃ*

**അർത്ഥം** - ജ്ഞാനികൾ ഏതൊരു പരമാത്മാവിനെയാണോ ഹൃദമായ ഗുഹയിൽ അതിഗഹനമായ മന്ദിരത്തിൽ പ്രതിഷ്ഠിച്ച്, മൂന്നു ലോകങ്ങളുടേയും പ്രകാശം കുടികൊള്ളുന്ന മൂലാധാരം എന്ന ഗുഹയിൽനിന്ന് പ്രാണവായുവി നാൽ ശ്വസനേന്ദ്രിയത്തിലൂടെ അവസ്ഥകളൊന്നുമില്ലാത്ത (ബാല്യാദി അവ സ്ഥകൾ), നാശമില്ലാത്ത, ഉത്പത്തി ഇല്ലാത്ത, രൂപരഹിതമായ, തടസ്സങ്ങ ളൊന്നുമില്ലാതെ, അവിനാശിയായതിനെ ഇന്ദ്രിയാതീതനായി പുറത്തെടുത്ത് അത്ഭുത ആശ്ചര്യാത്മകമായ ദീപം തെളിയിക്കുന്നത്, ആ പരമാത്മാവിനെ (പരമേശ്വരനെ) ഞങ്ങൾ സ്തുതിക്കുന്നു.

## സ്തുതി – 13

*യസ്യ ശസ്യമഹസോ നിരർഗളം യോഗമാപ്യ ചരണാബ്ജരേണുഭിഃ*
*അദ്ഭുതാം ദധതി നീരജസ്കതാം തം ജഗത്പതിമുമാപതിം സ്തുമഃ*

**അർത്ഥം** - ആരാണോ മനോഹരവും പരമതേജോമയവുമായ പരമേ ശ്വരന്റെ ചരണാരവിന്ദത്തിലുള്ള രേണുവിനോട് (പൊടി) അതിഘനിഷ്ഠമായ സംയോഗത്തെ പ്രാപ്തമാക്കുന്നത് (അതായത് ശിവനോടുള്ള അതിഗാഢഭ

ക്തിയാൽ അദ്ദേഹത്തിന്റെ പാദരേണുക്കൾപോലും പ്രാപ്തമാക്കുവാൻ പരിശ്രമിക്കുന്നത്), ആ ഭക്തജനങ്ങൾ, ഭക്തമായ നിർമ്മലമായ (രജതമ രൂപമായ മലത്തെ വെടിഞ്ഞ് വിശുദ്ധമായ സത്യമയിയായ) ഭഗവദീയമായ ഭാവനയെ പ്രാപ്തമാക്കുന്നു. ആ ജഗത്പതിയായ പാർവ്വതീപതിയെ ഞങ്ങൾ സ്തുതിക്കുന്നു.

## സ്തുതി – 14

*ചാരുചന്ദ്രകലയോപശോഭിതം ഭോഗിഭിഃ സഹ ഗൃഹീതസൗഹൃദം*
*അഭ്യുപേതഘലനകാലശാത്രവം നീലകണ്ഠമതികൗതുകം സ്തുമഃ*

**അർത്ഥം** - മനോഹരമായ ചന്ദ്രക്കലയാൽ ശോഭിതമായതും, വാസുകി തുടങ്ങിയ സർപ്പങ്ങൾ മിത്രങ്ങളായതും, യമരാജനെ ശത്രു ഭാവത്താൽ നില നിർത്തുന്നതും, അതികൗതുകവും ഭഗവാൻ സദാശിവരൂപിയുമായ ആ നീല കണ്ഠത്തെ ഞങ്ങൾ സ്തുതിക്കുന്നു.

## സ്തുതി – 15

*ഇച്ഛയൈവ ഭുവനാനി ഭാവയൻ യഃ പ്രിയോപകരണഗ്രഹോപി സൻ*
*അപ്രിയോപകരണഗ്രഹോഭവത് തം സ്വശക്തിസചിവം ശിവം സ്തുമഃ*

**അർത്ഥം** - പ്രാണികൾക്ക് (ജീവികൾക്ക്) ഉപകാരം ചെയ്യുന്നതിനുവേണ്ടി അതിശയമായ പ്രിയമായ ആഗ്രഹം ഉണ്ടായിരുന്ന പ്രഭുവിന് കേവലം സ്വന്തം ഇച്ഛാശക്തിയാൽ സകല ലോകത്തേയും നിർമ്മിക്കുന്നതിന് ഒരു വസ്തുക്കളുടേയും ആവശ്യം ഉണ്ടായില്ല, ആ സ്വേച്ഛാശക്തി സഹായകമായ സദാശിവനെ ഞങ്ങൾ സ്തുതിക്കുന്നു. അതായത് ഏതൊരു തക്ഷകനും ഏത് വസ്തു ഉണ്ടാക്കുന്നതിനും കുറച്ച് വസ്തുക്കളുടെ ആവശ്യം ഉണ്ട്. എന്നാൽ സകല ലോകത്തേയും നിർമ്മിക്കുന്നതിന് (രചിക്കുന്നതിന്) ഭഗവാൻ ശിവന് ഒരു വസ്തുക്കളും ആവശ്യം വന്നില്ല, എന്തെന്നാൽ അത് സ്വേഛാശക്തിയാൽ ഉണ്ടായതാണ്.

## സ്തുതി – 16

*പദ്മസദ്മകരമർദലാലിതം പദ്മനാഭനയനാബ്ജപൂജിതം*
*പദ്മബന്ധുമുകടാംശുരഞ്ജിതം പാദപദ്മയുഗമൈശ്വരം സ്തുമഃ*

**അർത്ഥം** - ബ്രഹ്മാവിന്റെ കൈയ്യിലുള്ള താമരയെ നിർവ്വീര്യമാക്കിക്കൊണ്ട് (വാടിച്ചുകൊണ്ട്) ലാളിക്കുന്നവനും, വിഷ്ണുവിന്റെ നേത്രകമലങ്ങളെ പൂജിക്കുന്നവനുമായ സൂര്യന്റെ അർദ്ധചന്ദ്രാകൃതിയിലുള്ള കിരണങ്ങളാൽ രഞ്ജിതമായ സദാശിവന്റെ പാദപദ്മദ്വയങ്ങളെ ഞങ്ങൾ വന്ദിക്കുന്നു.

## സ്തുതി – 17

*അങ്ഘ്രിയുഗ്മമമരേശമസ്തകസ്തഗ്ഭിരുജ്ജ്വലമുരശ്ച ഭസ്മഭിഃ*
*ശേഖരഞ്ച ഹിമരശ്മിരശ്മിഭിര്യോ ബിഭർത്തി തമുപാസ്മഹേ വിഭും*

**അർത്ഥം** - ആ പരമേശ്വരൻ, ഇന്ദ്രന്റെ തലയിലുള്ള പുഷ്പമാലയേക്കാൾ ഉജ്ജ്വലമായ പാദങ്ങളോടു കൂടിയവനും, ഭസ്മത്താൽ ദീപ്തമായ നെഞ്ചോടു കൂടിയവനും, ചന്ദ്രകിരണങ്ങളേക്കാൾ ഉജ്ജ്വലിതമായ കിരീടം ധരിച്ചവനുമാണ്. ആ വിഭുവായ സദാശിവനെ ഞങ്ങൾ ഉപാസിക്കുന്നു.

## സ്തുതി – 18

*മൂർദ്ധ്നി ചന്ദ്രകരസുന്ദരസ്ത്വിഷം ഫേനപിണ്ഡപരിപാണ്ഡുരസ്മിതാം*
*ദേഹിനാം വഹതി താപഹാരിണീം സിദ്ധസിന്ധുമതനും തനും ച യഃ*

**അർത്ഥം** - ആ പ്രഭു (ശിവൻ) ചന്ദ്രകിരണങ്ങൾക്ക് സമാനമായ സ്വച്ഛ കാന്തിയോടു കൂടിയവനും, പതപോലെ വെളുത്ത വർണ്ണത്തോടു കൂടി ജീവജാലങ്ങളുടെ സമസ്ത താപങ്ങളേയും ശമിപ്പിച്ച് ഒഴുകുന്ന വിശാലമായ ഗംഗയെ സ്വന്തം ശിരസ്സിൽ ധരിച്ചവനും ആണ്. ഇപ്രകാരം ചന്ദ്രകിരണങ്ങളുടെ സമ്പർക്കത്താൽ സുമനോഹരമായ കാന്തിയോടു കൂടി ഉരുണ്ട പതപോലെ സ്വച്ഛമായ മന്ദഹാസത്തോടുകൂടി പ്രാണികളുടെ (ജീവികളുടെ) സമസ്ത താപങ്ങളും (ദുഃഖങ്ങളും) ശമിപ്പിക്കുന്നവനുമായ, കാളകൂട വിഷം കഴിച്ചവനുമായ, വിഷാദരഹിതനായ അതായത് പരമമായ ആനന്ദസ്വരൂപത്തോടു കൂടിയ ഭഗവാൻ ശിവനിൽ ഞാൻ ശരണം പ്രാപിക്കുന്നു.

## സ്തുതി – 19

*കർത്തുമുത്സഹത എവ സേവകോ യസ്യ കസ്യ ന മനഃ സകൗതുകം*
*നൈതി ശാന്തനവവിഗ്രഹോപി സൻ ഭീഷ്മതാം ന ച വിചിത്രവീര്യതാം*

**അർത്ഥം** - ഭഗവാൻ ശിവന്റെ സേവകൻ, സ്വന്തം ദൈനംദിന കാര്യങ്ങളിൽ ആരിലാണ് ആശ്ചര്യം ജനിപ്പിക്കാത്തത്?എന്തുകൊണ്ടെന്നാൽ, എപ്പോഴാണോ മനുഷ്യന് പുതിയ പുതിയ പ്രതിബന്ധങ്ങൾ ജീവിതത്തിൽ കടന്നുവരുന്നത്, അപ്പോൾ അവർക്ക് ഭയവും ദേഷ്യവും കടന്നുവന്ന് ധൈര്യം നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ ആശ്ചര്യമെന്നു പറയട്ടെ, ശിവഭക്തന്, ആ പുതിയ പുതിയ പ്രതിബന്ധങ്ങൾ ജീവിതത്തിൽ കടന്നുവരുമ്പോൾ മനസ്സ് ശാന്തമാവുകയും, ഭയവും ക്രോധവും വരാതിരിക്കുകയും, മനസ്സിന്റെ ധൈര്യം നഷ്ടപ്പെടാതെ ഇരിക്കുകയും ചെയ്യുന്നു. ആ പ്രഭുവിനെ (ശിവനെ) ഞാൻ ശരണം പ്രാപിക്കുന്നു.

## സ്തുതി – 20

*ആപതന്തമയമം യമം പുരോ യഃ സവിഗ്രഹമവിഗ്രഹം വ്യധാത്*
*ദർപകം വ്യധിത യോപ്യദർപകം തം വിഷാദമവിഷാദമാശ്രയേ*

**അർത്ഥം** - ആ വിഭുവായ പരമേശ്വരനാൽ രാജാ ശ്വേതനേയും മാർക്കണ്ഡേയും ഭയത്തിൽ നിന്ന് രക്ഷിച്ചു കൂടാതെ വൈരഭാവത്തിലുള്ള യമരാജനെ അതിൽ നിന്ന് മോചിപ്പിച്ച് പ്രയതരഹിതനാക്കി അവരെ രക്ഷിച്ചു.

ഏതൊരു പ്രഭുവാണോ കാമദേവന്റെ അഹങ്കാരം ശമിപ്പിച്ചത്, ആരാണോ കാളകൂടവിഷം ഭക്ഷിച്ച് വിഷാദരഹിതനായി സദാ പ്രസന്നനായി നിലകൊള്ളുന്നത്, ആ ഭഗവാൻ ശിവനിൽ ഞാൻ ശരണം പ്രാപിക്കുന്നു.

## സ്തുതി – 21

*അംബരേണ ഗഗനേന സംവൃതം ജീവനൈഃ ശിരസി വാരിഭിഃ ശ്രിതം*
*ഭോഗിഭിശ്ച ഭുജഗൈർവിഭൂഷിതം ശങ്കരം ശുഭകരം ഭജാമഹെ*

**അർത്ഥം** – ആകാശരൂപിയായ വസ്ത്രം ധരിച്ചവനും (ദിഗംബരൻ), ശിരസ്സിൽ ജീവന്റെ വാരിയായ, കുടിക്കുന്നവർക്ക് പരമമായ തൃപ്തി പ്രദാനം ചെയ്യുന്ന ഗംഗയാൽ ശോഭിതമായവനും, കൈകളിൽ സർപ്പങ്ങളാൽ വിഭൂഷിതനും, അപ്രകാരം മൂന്നു ലോകങ്ങളിലും മംഗളദായകമായ പരമമായ മോക്ഷത്തെ പ്രദാനം ചെയ്യുന്നവനുമായ ഭഗവാൻ ശങ്കരനെ ഞങ്ങൾ ഭജിക്കുന്നു.

## സ്തുതി – 22

*പാവകേന ശിഖിനോപശോഭിതം ഭാസിതം സിതരുചാ ഹിമാംശുനാ*
*ഭാസ്വതാ ച രവിണാ വിരാജിതം ലോചനത്രയമുപാസ്മഹേ വിഭോഃ*

**അർത്ഥം** – നെറ്റിയിൽ അതിപവിത്രമായ അഗ്നിയാൽ സുശോഭിതവും, ഇടത്ത് വെളുത്ത കാന്തിയോടു കൂടിയ ചന്ദ്രനാൽ പ്രകാശിതവും, വലത്ത് തേജോമയമായ സൂര്യനാൽ വിരാജിക്കുന്നതും, ഇപ്രകാരം സർവ്വത്ര വ്യാപിച്ചിരിക്കുന്ന ഭഗവാൻ ശിവന്റെ മൂന്നു കണ്ണുകളേയും ഞങ്ങൾ ഉപാസിക്കുന്നു.

## സ്തുതി – 23

*അഭയങ്കരമാശ്രിതം സ്വരൂപം ദധദുദ്ദാമസമഗ്രധാമയോഗം*
*ശുചിതാരകമീശ്വരസ്യ നേത്രത്രിതയം ശൂലശിഖാത്രയം ച വന്ദെ*

**അർത്ഥം** – സമസ്ത ജീവനും അഭയം നൽകുന്ന സ്വരൂപത്തിലുള്ളതും, തേജോമയമായ സൂര്യൻ, ചന്ദ്രൻ, അഗ്നി ഇവകളോടു സംബന്ധമായി നിലകൊള്ളുന്നതും, നക്ഷത്രങ്ങളെപോലെ ശോഭിക്കുന്നതുമായ ഈശ്വരന്റെ ആ മൂന്ന് കണ്ണുകളേയും ഞാൻ പ്രണമിക്കുന്നു. അതുപോലെ ഭയരഹിതമായതും, പരമതേജോമയും, അതുപോല ദൈത്യന്മാരെ സംഹരിച്ച് എല്ലാ ദേവന്മാരേയും രക്ഷിക്കുന്ന അതിപവിത്രവുമായ ശ്രീശങ്കരന്റെ ത്രിശൂലത്തിലെ ആ മൂന്ന് ശിഖകളേയും ഞാൻ വന്ദിക്കുന്നു.

## സ്തുതി – 24

*മീലദ്വിലോചനസമുദ്ഗസമുദ്ഗതാശ്രു-*
*സ്രോതഃ സ്രുതിസ്നപിതമൂലകപോലഭാഗാഃ*
*ദേവം ശശാങ്കകലയാ കലിതാവതംസം*
*ശംസന്തി സന്ത ഇഹ ശങ്കര ശങ്കരേതി*

**അർത്ഥം** - ഭക്തജനങ്ങൾ എപ്പോഴാണോ ഭഗവാനെ ധ്യാനിക്കു മ്പോൾ അതിൽ ലയിച്ച് മുഴുകുന്നത്, അപ്പോൾ വിശേഷമായി അവരുടെ കണ്ണിൽനിന്ന് പ്രേമാശ്രുവിന്റെ പ്രവാഹം ഉണ്ടാകുന്നു. ആ കണ്ണീർ പ്രവാഹം അവരുടെ എല്ലാ കപോലങ്ങളേയും നനയിച്ച് വിശുദ്ധമാക്കി തീർക്കുന്നു. ആ സമയത്ത് ആ സത്പുരുഷ ജനങ്ങൾ ചന്ദ്രക്കല ശിരസ്സിൽ ധരിച്ചിരിക്കുന്ന ദേവനെ ശങ്കര! ശങ്കര! എന്ന് ചൊല്ലി സ്തുതിക്കുന്നു.

## സ്തുതി – 25

*ഭ്രാന്തോസ്മി വൈശസമയെ സമയേഹമത്ര*
*മിഥ്യൈവ ദിഗ്ഭ്രമഹതോ മഹതോപമാർഗാൻ*
*വിശ്രസ്യ നന്ദനവനെ നവനേ ശിവസ്യ*
*ഖേദസ്തി സംപ്രതി സമേതി സ മേവസാനം*

**അർത്ഥം** - ഞാൻ ഈ ദുഃഖമയമായ കലികാലത്തിൽ നാനാപ്രകാര ത്തിലുള്ള ആഗ്രഹങ്ങൾ കാരണം വഴി തെറ്റി നടന്ന് ദുഃഖിതനായി, അതായത് ഭൗതികസുഖങ്ങളോടുള്ള ആസക്തിയാൽ വിവിധ തരത്തിലുള്ള ആഗ്രഹ ങ്ങളിൽ വശംവദനായി വഴിതെറ്റി നടന്ന് ഒന്നും നേടാനാകാതെ വലിയ വലിയ ദുഃഖങ്ങൾ വന്നുചേർന്നു. എന്നാലാകട്ടെ ഭാഗ്യവശാൽ ഇപ്പോൾ ഭഗവാൻ സദാശിവന്റെ സ്തുതിരൂപത്തിലുള്ള ഈ നന്ദനവനത്തിൽ വിശ്രമി ക്കുമ്പോൾ, സംസാരരൂപിയായ മരുപ്രദേശത്ത് നിരർഥകമായി ചുറ്റിനടന്ന് സമ്പാദിച്ച എന്റെ എല്ലാ ദുഃഖവും ഇല്ലാതായിരിക്കുന്നു.

## സ്തുതി – 26

*യത്പാർവണേന്ദുകരസുന്ദരവാഹഹംസ-*
*സംവാസദുർലളിതയാപി വയോധിദേവ്യാ*
*വിശ്രമ്യതേ മനസി നഃ സമലേ സലീലം*
*തത്സൗഭഗം ഭഗവതോ ജയതീന്ദുമൗലേഃ*

**അർത്ഥം** - ഭഗവതി സരസ്വതിയുടെ പൂർണ്ണചന്ദ്രന്റെ കിരണങ്ങളോടു സമാനമായ ഭംഗിയോടു കൂടിയ ഹംസം, നിത്യനിവാസകനും സദാ അഭ്യാസ കനുമാണ്, എന്നിട്ടും ആ ഹംസം നമ്മുടെ ഈ മലിനമായ ചിത്തത്തിൽ സ്വന്തം ലീലകളോടു കൂടി വിശ്രമിക്കുന്നു. അത് ശ്രീ ഭഗവാൻ ശങ്കരന്റെ സർ വ്വോത്കൃഷ്ടമായ അനുഗ്രഹത്തിന്റെ വിജയമാണ്. സാരാംശം എന്തെന്നാൽ ശ്രീസദാശിവനോടുള്ള മാനസിക തന്മയത്വം നിമിത്തം ശ്രീസരസ്വതി, സ്വന്തം വാഹനമായ ഹംസത്തെപോലും ഉപേക്ഷിച്ച് സ്വന്തം അത്യുത്തമങ്ങ ളായ രചനകൾ സഹിതം നമ്മുടെ ചിത്തത്തിൽ വിശ്രമിക്കുന്നു.

(തുടരും)

മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (10)

(ശ്രീമദ് യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ

(കഴിഞ്ഞ ലക്കം തുടർച്ച)

**മായാതത്ത്വസ്വരൂപമാഹ**

*15. പരമം യത് സ്വാതന്ത്ര്യം ദുർഘടസംപാദനം മഹേശസ്യ
ദേവീ മായാശക്തിഃ സ്വാത്മാവരണം ശിവസ്യൈതത്.*

**സാരം :** മായാതത്ത്വസ്വരൂപം പറയുന്നു.

മഹേശ്വരന്റെ മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടുള്ളതായ പരമമായ സ്വാതന്ത്ര്യശക്തിയാണ് തന്റെ തന്നെ ആവരണമായ മായാദേവി എന്ന ശക്തി.

**വിവൃതി :** പരമം അനന്യാപേക്ഷം യത് പരമേശിതുഃ സ്വാതന്ത്ര്യം വിശ്വനിർമാതൃത്വം സൈവേയം മായാഖ്യാ ശക്തിഃ തസ്യ ശക്തിമതഃ. മീയതേ പരിച്ഛിദ്യന്തേ ധരാന്തഃ പ്രമാതൃപ്രമേയപ്രപഞ്ചോ യയാ സാ മായാ വിശ്വമോഹകതയാ വാ മായാ. ഏഷാ ദേവസ്യ ക്രീഡനശീലസ്യ സംബന്ധിനീതി കൃത്വാ ദേവീ ന പുനർബ്രഹ്മവാദിനാമിവ വ്യതിരിക്താ കാചിന്മായോപപദ്യത ഇതി. കീദൃശം തത് സ്വാതന്ത്ര്യം ദുർഘടസംപാദനം ഇതി. ദുഃഖേന ഘടയിതും ശക്യമിതി ദുർഘടസ്യ കാര്യസ്യ പ്രമാതൃപ്രമേയരൂപസ്യ സംപാദനം പ്രാപ്തിപ്രാപകം. ഏഷൈവാ മായാ സ്വേച്ഛയാ പശുഭാവമാപന്നസ്യ ശിവസ്യ സ്വാത്മാവരണം സ്വരൂപഗോപനാഖ്യമാണവാദിമലത്രിതയം.

**പരിഭാഷ :** പരമമായ, അതായത് വേറൊരു ശക്തിയുടെ ആവശ്യം കൂടാത്ത ആ ഈശ്വരന്റെ വിശ്വനിർമ്മാണമാകുന്ന സ്വാതന്ത്ര്യം തന്നെയാണ് മായ എന്ന പേരായ ശക്തി.

ഭൂമി വരെ പരമമായതിനെ പ്രമാതാവ് (അനുഭവിക്കുന്നയാൾ) പ്രമേയം (അനുഭവപ്പെടുന്ന പ്രപഞ്ചം) എന്നിങ്ങനെ അളന്നു ചുരുക്കുന്നു എന്നതിനാലും

ഇക്കാണുന്ന വിശ്വമായിത്തീർന്ന് മോഹിപ്പിക്കുന്നു എന്നതിനാലും അതിനെ മായ എന്നു പറയുന്നു. ഈ ശക്തി ക്രീഡാ ശീലമാക്കിയവനായ പരമമായ ശിവനെ സംബന്ധിച്ച ശക്തിയായ ദേവിയാണ്. ബ്രഹ്മവാദികളായ അദ്വൈതികളാൽ പരാമർശിക്കപ്പെടുന്ന ബ്രഹ്മത്തിൽ നിന്നും വ്യതിരിക്തമായ ഒന്നല്ല. എത്തരത്തിനുള്ളതാണാ സ്വാതന്ത്ര്യം? ദുർഘടമായി സമ്പാദിക്കാവുന്നതാണത്. വളരെ പ്രയാസപ്പെട്ടു മാത്രം പ്രാപിക്കാൻ സാധിക്കുന്നത്. അഥവാ ദുർഘടകാര്യമായ പ്രമാതൃപ്രമേയ രൂപത്തിന്റെ പ്രാപ്തി. ഈ മായാശക്തി തന്നെ സ്വേച്ഛയാൽ പശുഭാവം സ്വീകരിച്ചവനായ ശിവന്റെ സ്വാത്മാവരണം അഥവാ സ്വരൂപത്തെ മറക്കുന്നതായ ആണവാദിമലത്രയം.

വക്ഷ്യമാണേ ച പ്രാധാനികേ സുഖാദിരൂപേ ഭിന്നേ ഭോഗ്യേ യദ് ഭോക്തൃരൂപം പുംസ്ത്വം തത്സ്വരൂപമാഹ.

*16. മായാപരിഗ്രഹവശാദ് ബോധോ മലിനഃ പുമാൻ പശുർഭവതി.
കാലകലാനിയതിവശാദ് രാഗവിദ്യാവശേന സംബന്ധഃ.*

**സാരം** : ഇനി പറയാൻ പോകുന്ന പ്രാധാനികമായ സുഖാദിരൂപങ്ങളായിത്തീർന്നിരിക്കുന്ന ഭോഗ്യമായ ഈ പ്രപഞ്ചത്തിൽ ഭോക്താവായി യാതൊരു പുരുഷ (ജീവൻ) നാണോ ഉള്ളത് അതിന്റെ സ്വരൂപം പറയുന്നു.

മായയെ പരിഗ്രഹിക്കുന്നതോടെ ആ പരമ ശിവബോധം മലിനമായ പശു (പാശബദ്ധനായ ജീവൻ) ആയി കാലം, കലാ, നിയതി, രാഗം വിദ്യാ എന്നിവയോടു കൂടി പരിണമിക്കുന്നു.

**വിവൃതി** : മായാസ്വീകാരപാരതന്ത്ര്യാത് സർവജ്ഞത്വസർവകർതൃത്വമയോപി ബോധഃ സർവജ്ഞത്വാദിഗുണാപഹസ്തേന ആഖ്യാദിരൂപമാണവം മലമാപന്നോ യേന ഘടാകാശവത് പൂർണ്ണസ്വരൂപാച്ചിദാകാ-ശാദവച്ഛേദ്യ പരിമിതീകൃതഃ സംസ്ഥദേവ പുംസ്ത്വമുച്യതേ. അതോ മായായാഃ പാല്യഃ പാശ്യശ്ചേതി പശുഃ ആണവമായീയകാർമ്മമലസ്വഭാവാനാം പാശാനാം ഭാജനം. അന്യച്ച കാലകലാ ഇതി വക്ഷ്യമാണസ്വരൂപൈഃ കാലാദിഭിഃ ഓതപ്രോതതയാ സമ്യക് ബദ്ധഃ ദൃബ്ധ ഇത്യേവം തത്വഷട്കവേഷ്ടിതം പുംസ്ത്വം.

**പരിഭാഷ** : മായയുടെ സ്വീകാരംകൊണ്ടുണ്ടാകുന്ന പാരതന്ത്ര്യം മൂലം സർവജ്ഞത്വം സർവകർതൃത്വം എന്നീ ഗുണങ്ങളോടു കൂടിയതാണെങ്കിലും പരമമായ ബോധസ്വരൂപം ആ ഗുണങ്ങളെയൊക്കെ വെടിഞ്ഞ് അല്പങ്ങളായ പേരുകളോടു കൂടിയ [1]ആണവമലത്തെ സ്വീകരിച്ച് ഏതു പ്ര

1. മലത്രയങ്ങളെക്കുറിച്ച് ഇതിനു മുൻപുള്ള ശാംഭവി പതിപ്പുകളിൽ ഡോ. അജിതൻ. പി.ഐ എഴുതിയ ലേഖനം നോക്കുക.

കാരത്തിലാണോ മഹദാകാശം തന്റെ പൂർണ്ണസച്ചിദാനന്ദസ്വരൂപമുപേക്ഷിച്ച് കുടത്തിൽ ചുരുങ്ങി ഘടാകാശമായിത്തീർന്നത് അതുപോലെ അല്പബോധസ്വരൂപനായ പുരുഷനായിത്തീരുന്നു. അതിനാൽ മായയാൽ പാലിക്കപ്പെടുകയും ബന്ധിക്കപ്പെടുകയും ചെയ്യപ്പെടുന്ന പശു ആണവമായീയകാർമമലമാകുന്ന സ്വഭാവങ്ങളോട് കൂടിയ പാശങ്ങൾക്ക പാത്രമാകുന്നു. മററുള്ള കാലം കലാ എന്നിങ്ങനെ പറയപ്പെടുന്ന സ്വരൂപങ്ങളോടു കൂടിയവയാൽ ഓതപ്രോതമായി മുഴുവനായി ബന്ധിക്കപ്പെടുന്നു. ഇപ്രകാരം മായയോടും പഞ്ചകഞ്ചുകങ്ങളോടു കൂടിയ ആറ് തത്ത്വങ്ങളോടും കൂടിയതാകുന്നു പുരുഷതത്ത്വം.

(തുടരും)

---

# കാശ്മീര ശൈവസമ്പ്രദായം (9)

## [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

(കഴിഞ്ഞ ലക്കം തുടർച്ച)

### തന്ത്രസാരം

അഭിനവ ഗുപ്തനാൽ വിരചിതമായ മറ്റൊരു ശൈവശാസ്ത്രപരമായ ഗ്രന്ഥമാണ് തന്ത്രസാരം. അദ്ദേഹത്താൽതന്നെ എഴുതപ്പെട്ട അതിബൃഹത്തും പ്രൌഢഗംഭീരവുമായ തന്ത്രാലോകത്തിന്റെ സംഗ്രഹമാണ് ഈ ഗ്രന്ഥം. തന്ത്രാലോകത്തിൽ മുപ്പത്തിയേഴദ്ധ്യായങ്ങളിലായി പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ ചുരുക്കി ഇരുപത്തിരണ്ട് ആഹ്നികങ്ങളിലായി സംഗ്രഹിച്ചിരിക്കുന്നു എന്നതാണ് തന്ത്രസാരത്തിന്റെ പ്രത്യേകത.

തന്ത്രസാരത്തിന്റേയും സംഗ്രഹമാണ് തന്ത്രോച്ചയം എന്ന ഗ്രന്ഥം. ഇത് അഭിനവഗുപ്തൻ എഴുതിയതാണെന്നും അല്ലെന്നുമുള്ള വാദപ്രതിവാദങ്ങൾ ഇന്നും പണ്ഡിതന്മാർക്കിടയിൽ സജീവമാണ്. ഈ ഗ്രന്ഥങ്ങളുടേയെല്ലാം രത്നച്ചുരുക്കമാണ് ബോധപഞ്ചദശിക. ഇത് ഈ ഗ്രന്ഥങ്ങളുടേയെല്ലാം സാരം മാത്രമാണെന്നുള്ളതുകൊണ്ട് ഏറെ ഗഹനവും അതേസമയം ദുർഗ്രാഹ്യവുമാണ്.

തന്ത്രസാരത്തിന്റെ ലഭ്യമായ പകർപ്പുകളിലേറെയും ശാരദാ ലിപിയി

ലുള്ളതാണ്. നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് തന്ത്രസാരത്തിന്റെ പകർപ്പുകൾ കണ്ടെത്തുന്നതും സംസ്കരണത്തിന് വിധേയമാകപ്പെടുന്നതും. തുടർന്നിങ്ങോട്ട് ഇതിന് ഹിന്ദിയിലും ഇംഗ്ലീഷിലുമൊക്കെയുള്ള ഭാഷാന്തരീകരണങ്ങളും അർത്ഥവിവരണങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ വിദേശീയരുടെ പഠനങ്ങളും ഏറെ ശ്രദ്ധേയങ്ങളാണ്.

തന്ത്രസാരം ആരംഭിക്കുന്നത് ഒരു മംഗളശ്ലോകത്തോടെയാണ്.

*വിമലകലാശ്രയാഭിനവസൃഷ്ടിമഹാ ജനനീ*
*ഭരിതതനുശ്ച പഞ്ചമുഖഗുപ്തരുചിർജനകഃ*
*തദുഭയയാമളസ്ഫുരിതഭാവവിസർഗ്ഗമയം*
*ഹൃദയമനുത്തരാമൃതകുലം മമ സംസ്ഫുരതാത്.*

ഇതാണാമംഗളശ്ലോകം. ഇതേ മംഗളശ്ലോകം തന്നെയാണ് തന്ത്രാലോകത്തിലും, പരാത്രീശികാ വിവരണത്തിലും, തന്ത്രോച്ചയത്തിലും കാണുന്നത്. ഈ ശ്ലോകത്തിന്റെ അർത്ഥം അച്ഛനായ നൃസിംഹഗുപ്തന്റേയും അമ്മയായ വിമലകലയുടേയും യാമളഭാവത്തിൽ ഉടലെടുത്ത എനിക്ക് അനുത്തരം എന്ന ത്രികശാസ്ത്രം സ്ഫുരിക്കട്ടെ എന്നാണ്.

ഈ മംഗളശ്ലോകത്തിനു ശേഷം അഭിനവഗുപ്തൻ തന്ത്രസാരം ആരെ ഉദ്ദേശിച്ചാണ് എഴുതുന്നതെന്ന് പറയുന്നു. അതിങ്ങനൊണ്.

*വിതതസ്തന്ത്രാലോകോ വിഗാഹിതും നൈവ ശക്യതേ സർവ്വൈഃ*
*ഋജുവചനവിരചിതമിദം തു തന്ത്രസാരം തതഃ ശൃണുത*

(അതിവിസ്തൃതമായ തന്ത്രാലോകം എല്ലാവർക്കും നോക്കാനോ മനസ്സിലാക്കാനോ സാധിക്കണമെന്നില്ല. അങ്ങനെയുള്ളവർക്ക വേണ്ടിയാണ് ഞാൻ ഇത് എഴുതുന്നത്.)

തുടർന്ന് അടുത്തശ്ലോകത്തിൽ ഗുരുവായ ശംഭുനാഥനെ സ്തുതിക്കുന്നു.

*ശ്രീശംഭുനാഥഭാസ്കരചരണനിപാതപ്രഭാപഗതസംകോചം*
*അഭിനവഗുപ്തഹൃദംബുജമേതദ്വിചിനുതമഹേശപൂജനഹേതോഃ*

(അഭിനവ ഗുപ്തനാകുന്ന വാടിയ താമര വിരിഞ്ഞത് ശംഭുനാഥനാകുന്ന സൂര്യന്റെ കിരണങ്ങൾ ഏറ്റിറ്റാണ്. അങ്ങനെയുള്ള ശംഭുനാഥനെ ഞാൻ സ്തുതി ക്കുന്നു.)

ഈ രണ്ട് മംഗളശ്ലോകങ്ങൾക്ക ശേഷം ഗ്രന്ഥം ആരംഭിക്കുന്നു. ഓരോ ആഹ്നികത്തിലും കാണാവുന്ന ഒരു പ്രത്യേകത അതാത് അദ്ധ്യായത്തിൽ പറഞ്ഞ കാര്യങ്ങൾ ചുരുക്കി ഒന്നോ രണ്ടോ സംഗ്രഹ ശ്ലോകങ്ങളിലൂടെ പറഞ്ഞാണ് അദ്ധ്യായങ്ങൾ അവസാനിപ്പിക്കുന്നത് എന്നതാണ്.

തന്ത്രാലോകത്തേക്കാളും എളുപ്പം സമീപിക്കാവുന്ന ഗ്രന്ഥം തന്ത്രസാ

രമാണെന്നുള്ളതുകൊണ്ടും അദ്വയതന്ത്രത്തിന്റെ സാരം ആണ് അതിലെ പ്രതിപാദ്യ വിഷയം എന്നുള്ളതുകൊണ്ടും തന്ത്രസാരത്തിലെ ഉള്ളടക്കം ഇവിടെ ചുരുക്കി പറയുന്നു.

### ഒന്നാം ആഹ്നികം

യഥാർത്ഥജ്ഞാനം, ജ്ഞാനപ്രകാരങ്ങൾ, ജ്ഞാനം എങ്ങനെ മോക്ഷത്തിലേക്ക് നയിക്കുന്നു തുടങ്ങിയ വിഷയങ്ങളാണ് ഒന്നാം ആഹ്നികത്തിലെ പ്രതിപാദ്യം. അഭിനവഗുപ്തൻ ഈ അദ്ധ്യായത്തിൽ വിഷയാവതരണം നടത്തുന്നത് ഇപ്രകാരമാണ്. ജ്ഞാനമാണ് മോക്ഷകാരണം. അജ്ഞാനം ബന്ധനത്തിന് കാരണമാകുന്നു. അജ്ഞാനം രണ്ടു തരത്തിലാണ് ബൌദ്ധാജ്ഞാനം, പൌരുഷാജ്ഞാനം എന്നിങ്ങനെ. ബൌദ്ധാജ്ഞാനം നിശ്ചയസ്വഭാവത്തോടു കൂടിയതും വിപരീതജ്ഞാനത്തോടും കൂടിയതാണ്. വിപരീതജ്ഞാനമെന്തുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത് തെറ്റായ അറിവിനെയാണ്. യഥാർത്ഥത്തിൽ താൻ അല്ലാത്തതിൽ താനെന്ന അറിവാണ് വിപരീതജ്ഞാനം. പൌരുഷാജ്ഞാനം വികല്പസ്വഭാവത്തോടു കൂടിയതും പരിമിതമിതമായ അറിവാകുന്ന ലക്ഷണത്തോടു കൂടിയതുമാണ്. ഇത്തരത്തിലുള്ള പൌരുഷാജ്ഞാനമാണ് സംസാരത്തിനും സുഖദുഃഖാദികൾക്കും കാരണം. ഈ പൌരുഷാജ്ഞാനം ദീക്ഷാദികൾ കൊണ്ട് ഇല്ലാതാവുന്നു. ബൌദ്ധാജ്ഞാനമാണ് പ്രധാനം. ഇത് ഇല്ലാതാവുന്നത് വികല്പസംസ്കാരം വഴിയാണ്. വികല്പമെന്ന് ഇവിടെ ഉദ്ദേശിക്കുന്നത് ഭേദചിന്തയാണ്. വികല്പസംസ്കാരം വഴി ബൌദ്ധാജ്ഞാനം ഇല്ലാതായി വികല്പസ്പർശമേശാത്ത പൌരുഷജ്ഞാനത്തിൽ കലാശിക്കുന്നു. വികല്പസ്പർശമില്ലാത്ത ആത്മാവാണ് ശിവൻ, അഥവാ അകൃതിമബോധം. ആ ഒരു ജ്ഞാനമാണ് പരമസ്വീകാര്യം. അതാകട്ടെ ശാസ്ത്രങ്ങളിലൂടെ വേണം നേടാൻ.

അദ്വയദർശനത്തിൽ എല്ലാത്തിന്റെയും യഥാർത്ഥ സ്വഭാവത്തിനാണ് പ്രാധാന്യം. അതാകട്ടെ പ്രകാശമാണ്. ആ പ്രകാശം യഥാർത്ഥത്തിൽ ഒന്നേ ഉള്ളൂ. അത് എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്നു. ആ പ്രകാശത്തിന്റെ സ്വാതന്ത്ര്യത്തെയാണ് ആനന്ദശക്തിയെന്ന് പറയുന്നത്. ആ ആനന്ദശക്തിയുടെ ചമത്കാരം (ആസ്വാദനം) ആണ് ഇച്ഛാശക്തി. പ്രകാശരൂപമാണ് ചിച്ഛക്തി, ആത്മപരാമർശരൂപമാണ് ജ്ഞാനശക്തി, പ്രപഞ്ചത്തിലെ എല്ലാ രൂപങ്ങളും ആയിത്തീരുന്നതാണ് ക്രിയാശക്തി. എപ്പോഴാണോ സർവ്വതന്ത്രസ്വതന്ത്രവും പ്രകാശസ്വരൂപ വുമായ ആ പരമബോധം സ്വസ്വാതന്ത്ര്യത്താൽ സ്വയം സങ്കുചിതമാവുന്നത് , ചുരുങ്ങുന്നത് അപ്പോൾ അണു എന്നറിയപ്പെടുന്നത്. അണു ആയിത്തീർന്ന് സ്വസ്വാതന്ത്ര്യത്താൽ വീണ്ടും ശിവനായിത്തീരുന്നു. അണു ശിവനായിത്തീരുന്നത് ചിലപ്പോൾ ചില ഉപായങ്ങളുടെ സഹായത്തോടെയോ ചിലപ്പോൾ അല്ലാ

തെയോ (അനുപായം) ആണ്. ഉപാധികളുടെ സഹായത്തോടെ ആണെങ്കിൽ ഇച്ഛാ, ജ്ഞാനം, ക്രിയാ ഇവയാണ് പ്രധാന ഉപാധികൾ. ഇച്ഛാ, ജ്ഞാനം, ക്രിയ തുടങ്ങിയ ഉപാധികളെ ആശ്രയിച്ച് ഉപായങ്ങളെ പ്രധാനമായും ശാംഭവ, ശാക്ത, ആണവോപായങ്ങളാക്കി തിരിച്ചിരിക്കുന്നു. ഒന്നാം ആഹ്നികത്തിൽ ഇത്രയും വിഷയങ്ങളാണ് പ്രധാനമായും ചർച്ച ചെയ്യുന്നത്.

*ആത്മാ പ്രകാശവപുഃ ശിവഃസ്വതന്ത്രഃ*
*സ്വാതന്ത്ര്യനർമ്മരഭസേന നിജം സ്വരൂപം*
*സംച്ഛാദ്യ യത്പുനരപി പ്രഥയേത പൂർണ്ണം*
*തച്ച ക്രമാക്രമവശാദഥവാ ത്രിഭേദാത്*

ഈയൊരു സംഗ്രഹശ്ലോകത്തോടെ ഒന്നാം ആഹ്നികം അവസാനിക്കുന്നു.

## രണ്ടാം ആഹ്നികം (അനുപായം)

തീവ്രശക്തിപാതം വഴി ആർക്കാണോ സ്വതന്ത്രവും ആനന്ദഘനവുമാണ് യാഥാർത്ഥ്യം, അത് താൻ തന്നെയാണ്, ആ തന്നിൽ ഈ പ്രപഞ്ചം മുഴുവൻ പ്രതിഫലിക്കുന്നു എന്ന തിരിച്ചറിവുണ്ടാകുന്നത്. അങ്ങനെയുള്ള ഒരാൾക്ക് മന്ത്രം, പൂജ, ധ്യാനം, മറ്റ് ഉപായങ്ങൾ എന്നിവകൊണ്ട് യാതൊരു പ്രയോജനവുമില്ല.

അനുപായം എന്നത് പേരുപോലെത്തന്നെ ഉപായങ്ങളുടെ സഹായത്തോടെയല്ലാതെ ശിവനാണെന്നുള്ള തിരിച്ചറിവുണ്ടാകുന്നതിനേയാണ് സൂചിപ്പിക്കുന്നത്. ശക്തിപാതം വഴി മറ്റു ഉപായങ്ങളുടെ സഹായമില്ലാതെ തന്നെ ആ തിരിച്ചറിവുണ്ടാകുന്നു. ഇത്രയുമാണ് പ്രധാനമായും ഈ ആഹ്നികത്തിലെ പ്രതിപാദ്യ വിഷയങ്ങൾ.

## മൂന്നാം ആഹ്നികം (ശാംഭവോപായം)

ശാംഭവോപായമെന്നു പറയുന്നത് ഈ വിശ്വം തന്റെ തന്നെ പ്രതിബിംബമാണെന്നുള്ള രീതിയിൽ പ്രപഞ്ചത്തെ നോക്കിക്കാണലും, മനസ്സിലാക്കലുമാണ്. ഏത് ഉപായമാണെങ്കിലും ശക്തിപാതത്തിലൂടെയാണ് താൻ പരമമായ, അകൃത്രിമമായ ബോധമാണെന്നുള്ള തിരിച്ചറിവുണ്ടാകുന്നത്. തന്ത്രലോകത്തിൽ അഭിനവഗുപ്തൻ പറയുന്നത് ആർക്കാണോ ജീവന്മുക്തി എന്ന വേറൊരു പേരോടുകൂടിയ ശാംഭവ സമാവേശമുണ്ടാകുന്നത് അയാൾക്ക് ഭൈരവാവസ്ഥ ഉണ്ടാകുന്നുവെന്നാണ്.

*ഭൂയോഭൂയഃ സമാവേശം നിർവ്വികല്പമിമം ശ്രിതഃ*
*അഭ്യേതി ഭൈരവീഭാവം ജീവന്മുക്ത്യപരാഭിധം*

## നാലാം ആഹ്നികം (ശാക്തോപായം)

വികല്പസംസ്കാരമാണ് ഈ ആഹ്നികത്തിലെ പ്രതിപാദ്യ വിഷയം. വികല്പമെന്നാൽ മുൻപറഞ്ഞപോലെ ഭേദചിന്തയാണ്. തീവ്രശക്തിപാതം ലഭിച്ച ഒരാൾക്ക് വികല്പസംസ്കാരം താനേ സംഭവിക്കുന്നു. മറ്റുള്ളവർക്ക് ആഗമം അഥവാ ശാസ്ത്രമാണ് വികല്പസംസ്കാരത്തിനുള്ള വഴി. സത്തർക്കമാണ് വികല്പസംസ്കാരത്തിനുള്ള ഏകഉപായം. സത്തർക്കം യോഗാംഗങ്ങളിലൊന്നാണ്. ശൈവസമ്പ്രദായത്തിലെ യോഗം പാതഞ്ജലയോഗത്തിൽനിന്നും വളരെ വ്യത്യസ്തമാണ്. അതനുസരിച്ച് യമ, നിയമ, ആസന, പ്രാണായാമ, പ്രത്യാഹാര, ധാരണാ, ധ്യാന, സമാധികളാണ് യോഗാംഗങ്ങൾ. എന്നാൽ കാശ്മീരശൈവസമ്പ്രദായത്തിലെ യോഗാംഗങ്ങൾ യമ, നിയമ, പ്രാണായാമ, പ്രത്യാഹാര, ധ്യാന, ധാരണാ, സത്തർക്കങ്ങളാണ്. ഇവയിൽ അഭിനവഗുപ്തൻ ഏറ്റവും പ്രധാനമായി കണ്ടിരുന്നത് സത്തർക്കത്തെയാണ്. സത്തർക്കമാണ് വികല്പസംസ്കാരം വഴി അകൃത്രിമാഹം ബോധത്തിലേക്ക് നയിക്കുന്നത്. തന്ത്രാലോകം നാലാമാഹ്നികത്തിൽ സത്തർക്കമെന്നത് ശുദ്ധവിദ്യ തന്നെയാണെന്നും ശുദ്ധവിദ്യ ശിവശക്ത്യാത്മകമാണെന്നുമൊക്കെ പറഞ്ഞശേഷം അഭിനവഗുപ്തൻ പറയുന്നത് സത്തർക്കമാണ് മുഴുവൻ ശാസ്ത്രാർത്ഥത്തേയും വെളിപ്പെടുത്തുന്നത് എന്നാണ്.

*സ സമസ്തം ച ശാസ്ത്രാർത്ഥം സത്തർക്കാദേവ മന്യതേ*
*സർവ്വശാസ്ത്രാർത്ഥവേത്തൃത്വമകസ്മാച്ചാസ്യ ജായതേ*

## അഞ്ചാം ആഹ്നികം (ആണവോപായം)

ബുദ്ധി, പ്രാണൻ, ദേഹം, ഘടാദികൾ തുടങ്ങിയ ഏതെങ്കിലും ഉപാധി മുഖേന വികല്പസംസ്കാരം സാദ്ധ്യമാക്കുന്നതിനെയാണ് ആണവോപായം എന്നു പറയുന്നത്.

## ആറാം ആഹ്നികം (ബാഹ്യവിധി)

പ്രാണവായു, ശരീരം, ബാഹ്യോപാധികൾ എന്നിവയെ കേന്ദ്രീകരിച്ചാണ് ഈ അദ്ധ്യായത്തിലെ പ്രധാനചർച്ച. അതിൽ പ്രാണനെ ഉപാധിയായിക്കണ്ടുള്ള രഹസ്യവിധിയാണ് ആദ്യം ചർച്ചചെയ്യുന്നത്. പ്രാണനിൽ മുഴുവൻ കാലസങ്കല്പങ്ങളേയും സങ്കല്പിക്കുന്നു. അതുപോലെ തിഥ്യുദയം, മാസോദയം, വർഷോദയം, കാലോദയം, വർണ്ണോദയം എന്നിങ്ങനെ കാലത്തെ പലതായി പകുത്ത് ആ കാലത്തെ സൃഷ്ടി, സ്ഥിതി, സംഹാരങ്ങളായി തിരിച്ച് അതുവഴി പ്രാണനിൽ കാലത്തെ മനസ്സിലാക്കുന്നതു വഴി ഭൈരവീഭാവത്തെ പ്രാപിക്കാനാകും എന്നാണ് ഈ അദ്ധ്യായത്തിന്റെ ചുരുക്കം.

(തുടരും)



RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash